**കേരള സർക്കാർ**

**www.lfa.kerala.gov.in**

# കോതമംഗലം നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

**സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം**
**e-mail:lfadekm@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030,
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

കെ.എസ്.എ.ഇകെഎം.നം. (എം1)301/2019

**തീയതി : 19.03.2019**

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖാന്തിരം),
കോതമംഗലം നഗരസഭ,

സർ,

വിഷയം:- കോതമംഗലം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും, ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

**പകർപ്പ്:**

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ഡയറക്ടർ, മുനിസിപ്പൽ ഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4) റീജിയണൽ ജോയിന്റ് ഡയറക്ടർ, മുനിസിപ്പൽ ഭരണ വകുപ്പ്, എറണാകുളം.
5) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഇകെ.എം.(എം.1)301/2019

തീയതി:19.03.2019

## എറണാകുളം ജില്ലയിലെ കോതമംഗലം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്:

**(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ കോതമംഗലം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി 01.04.2017 മുതൽ 31.3.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട

നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ.ജി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.02.2019 മുതൽ 14.02.2019 വരെ |

**<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>:**

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.പോളി.ടി.ഒ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.അജിമോൻ.പി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഷൈബി.ഇ.ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ഷഫീഖ്.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.അനീഷ്.ആർ | ഓഡിറ്റർ |

**<u>(ബി)നിർവ്വഹണാധികാരികൾ</u>**

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| ചെയർപേഴ്സൺ | ശ്രീമതി മഞ്ജു സിജു | 01.04.2017 | 31.03.2018 |
| വൈസ് ചെയർമാൻ & ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ.എ.ജി.ജോർജ്ജ് | 01.04.2017 | 31.03.2018 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ / ചെയർപേഴ്സൺ | ശ്രീമതി.ടീന മാത്യു | 01.04.2017 | 31.03.2018 |
| ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ/ ചെയർപേഴ്സൺ | ശ്രീമതി.റെജി ജോസ്. | 01.04.2017 | 31.03.2018 |
| വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി.ജാൻസി മാത്യു | 01.04.2017 | 31.03.2018 |
| പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ മാൻ/ചെയർപേഴ്സൺ | ശ്രീ.ജോർജ്ജ് അമ്പാട്ട് | 01.04.2017 | 27.01.2018 |
| | ശ്രീമതി.മഞ്ജു സിജു | 28.1.2018 | 07.02.2018 |
| | ശ്രീ.സലിം ചെറിയാൻ | 08.02.2018 | 31.03.2018 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ.ഷെമീർ പനയ്ക്കൽ | 01.04.2017 | 31.03.2018 |

**<u>നിർവ്വഹണോദ്യഗസ്ഥരുടെ പേരു വിവരം</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| സെക്രട്ടറി | ഡോ.സാംജി ഡേവിഡ് | 01.04.2017 | 31.03.2018 |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.സി.ഡി. വർഗ്ഗീസ് (ഇൻ ചാർജ്ജ്) | 01.04.2017 | 29.04.2017 |
| | ശ്രീ.ടി.ജെ. തങ്കച്ചൻ (ഇൻ ചാർജ്ജ്) | 30.04.2017 | 08.10.2017 |
| | ശ്രീമതി.സാറാ സൂര്യ ജോർജ്ജ് | 09.10.2017 | 31.03.2018 |
| അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | ശ്രീ. സാജു.ഇ.പി. (ഇൻ ചാർജ്ജ്) | 01.04.2017 | 19.06.2017 |

| | | | |
|---|---|---|---|
| | ശ്രീ.സുരേന്ദ്രൻ. എസ്. | 20.06.2017 | 31.07.2017 |
| | ശ്രീ. സാജു.ഇ.പി. (ഇൻ ചാർജ്ജ്) | 1.8.2017 | 22.8.2017 |
| | ശ്രീമതി.എ.ലൈലാ ബീവി | 23.08.2017 | 09.03.2018 |
| | ശ്രീ. സാജു.ഇ.പി. (ഇൻ ചാർജ്ജ്) | 10.03.2018 | 31.03.2018 |
| വെറ്റിനറി സർജൻ | ഡോ.സീമ ജെയിംസ് | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.മിനിമോൾ.ആർ | 01.04.2017 | 04.10.2017 |
| | ഡോ.സൂര്യ ദിവാകർ | 05.10.2017 | 02.11.2017 |
| | ഡോ.പത്മകുമാരി. പി.എൻ. | 03.11.2017 | 27.12.2017 |
| | ഡോ.സിനി ഐസക്ക് | 28.12.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.എം.ആർ ശിവദാസ് | 01.04.2017 | 31.07.2017 |
| | ഡോ.ഷീന ആനി തോമസ് | 01.08.2017 | 31.03.2018 |
| പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | ശ്രീ.ഒ.എം.ഷാജി. | 01.04.2017 | 16.10.2017 |
| | ശ്രീ.ഷാജു സുഭാഷ്. എൽ.എസ്. | 17.10.2017 | 31.03.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.മെറീന പോൾ | 01.04.2017 | 11.06.2017 |
| | ശ്രീമതി. സുപ്രിയാദേവി. എസ്.പി. | 12.06.2017 | 31.03.2018 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ബിന്ദു. എസ്. | 01.04.2017 | 29.12.2017 |
| | ശ്രീമതി.ടി.എ. റസീറ | 30.12.2017 | 31.03.2018 |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.ബാബു പോൾ | 01.04.2017 | 30.04.2017 |
| | ശ്രീ.ജോളി മാത്യു | 01.05.2017 | 16.10.2017 |
| | ശ്രീ.മണികണ്ഠൻ. കെ | 17.10.2017 | 31.03.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഷൈല. കെ.കെ | 01.04.2017 | 16.08.2017 |
| | ശ്രീമതി.സിഞ്ചു തോമസ് | 17.08.2017 | 23.10.2017 |
| | ശ്രീമതി.നയൻതാര. ജി.ജി. | 24.10.2017 | 25.11.2017 |
| | ശ്രീമതി. ഹുമൈബാൻ | 26.11.2017 | 31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അനീഷ് സത്യൻ | 01.04.2017 | 31.03.2018 |

**ഉള്ളടക്കം**



| ക്രമ നം. | ഖണ്ഡിക | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം 1** | |
| 1 | ബജറ്റ് | **1-1** |
| 2 | വാർഷിക ധനകാര്യപത്രിക. | **1-2** |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| **ഭാഗം 2** | | |
| 13 | അധിക എഫ്എആർ - ഫീസ് ഡിമാന്റ് ചെയ്യതിൽ കുറവ് | 2-1 |
| 14 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ | 2-2 |
| 15 | ഡി & ഒ ലൈസൻസ് ഈടാക്കുന്നതിൽ അപാകത | 2-3 |
| **ഭാഗം 3** | | |
| 16 | അഡ്വാൻസ് യഥാസമയം അഡ്ജസ്റ്റ് ചെയ്യുന്നില്ല | 3-1 |
| 17 | അനുബന്ധ സൗകര്യങ്ങൾ ഒരുക്കാതെ പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റ് വാങ്ങി. | 3-2 |
| 18 | ഡംപിങ്ങ് യാഡിന് സ്ഥലം അക്വയർ ചെയ്യൽ - പൂർത്തീകരിച്ചില്ല. | 3-3 |
| 19 | ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കി നഗരസഭയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 3-4 |
| 20 | തെരുവ് വിളക്ക് പരിപാലനം-പദ്ധതി രൂപീകരിച്ച് അനുമതി വാങ്ങുന്നില്ല. | 3-5 |
| 21 | എസ്.എസ്.എ. നഗരസഭാവിഹിതം അടക്കൽ. | 3-6 |
| 22 | ക്വാർട്ടേഴ്സിന്റെ വാടകയോടൊപ്പം വീട്ടുവാടക ബത്തയും കൈപ്പറ്റി | 3-7 |
| 23 | തുല്യതാ പരീക്ഷ - കോഴ്സ് ഫീസ് അടവാക്കൽ. | 3-8 |
| 24 | സ്ട്രീറ്റ് മെയിൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 3-9 |
| 25 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-10 |
| 26 | വഴിയോരകച്ചവട നിയമം നടപ്പിലാക്കൽ - അപാകതകൾ | 3-11 |
| 27 | പെൻഷൻ ഫണ്ട് | 3-12 |
| 28 | തെരുവിളക്കുകൾക്കാവശ്യമായ ട്യൂബ് ലൈറ്റ് വാങ്ങൽ - നിർവ്വഹണത്തിലെ അപാകതകൾ | 3-13 |
| 29 | മരുന്ന്, പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയില്ല | 3-14 |
| 30 | സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - അപാകതകൾ | 3-15 |
| 31 | എൻ പി എസ് വിഹിതം അടവാക്കിയില്ല | 3-16 |
| 32 | റോഡ് കട്ടിംഗ്-നഗരസഭാ എഞ്ചിനിയറിംഗ് വിഭാഗം പരിശോധിക്കുന്നില്ല | 3-17 |
| 33 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്-ആനുകൂല്യം മുഴുവൻ നൽകുന്നില്ല | 3-18 |
| 34 | കുടിവെള്ള പദ്ധതികൾ അപാകതകൾ | 3-19 |
| 35 | ബിറ്റുമിൻ ലഭിക്കാത്തത്. | 3-20 |
| 36 | ബിറ്റുമിൻ നൽകി പ്രവൃത്തി ചെയ്യിട്ടില്ല. | 3-21 |
| 37 | ബിറ്റുമിൻ നൽകി എന്നാൽ ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തി ചെയ്യിട്ടില്ല. മറ്റ് പ്രവൃത്തി ചെയ്തു - ബിറ്റുമിന്റെ വില ഈടാക്കിയില്ല. | 3-22 |
| 38 | ബിറ്റുമിൻ നൽകി പ്രവൃത്തി ചെയ്തത് - ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല. | 3-23 |
| 39 | ആവശ്യത്തിലധികം ബിറ്റുമിൻ ഇഷ്യൂ ചെയ്തത് സംബന്ധിച്ച്. | 3-24 |
| 40 | ടൈൽ വിരിക്കുന്നത് നിരക്ക് ലഭ്യമല്ല. | 3-25 |
| **ഭാഗം 4** | | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 42 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 48 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 51 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം1 |
| 52 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 53 | ഇൻകം & എക്സ്പെൻ്റീച്ചർ സ്റ്റേറ്റ്മെൻ്റ് | അനുബന്ധം3 |
| 54 | റസീപ്റ്റ് & പേയ്മെൻ്റ് സ്റ്റേറ്റ്മെൻ്റ് | അനുബന്ധം4 |



## ഭാഗം -1
## പൊതു അവലോകനം

# 1-1 ബജറ്റ്

2017-18 ലേക്കുള്ള ബജറ്റ് 27.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

# 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 27.07.2018 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2017-18 | 08.08.2018 മുതൽ<br>09.08.2018 വരെ | കെ.എസ്.എ. ഇകെഎം (എം1)1825/18<br>തി. 12.09.2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,60,47,466.40 |
| വരവ് | 24,52,78,024.00 |
| ആകെ | 30,13,25,490.40 |
| ചെലവ് | 25,80,10,913.00 |
| നീക്കിയിരിപ്പ് | 4,33,14,577.40 |

.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ചെലവഴിക്കാതെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പോയ തുക |
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 37721812 | 37721812 | 35634295 | 0 | 2087517 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8483000 | 8483000 | 6318182 | 0 | 2164818 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 24481957 | 24481957 | 12304107 | 0 | 12177850 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 8566375 | 8566375 | 6128688 | 0 | 2437687 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 50188952 | 50188952 | 35631812 | 0 | 14557140 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | 0 | 24327281 | 24327281 | 21744164 | 0 | 2583117 |
| സാക്ഷരത | 56451 | 2186 | 58637 | 0 | 58637 | 0 |
| ദുരിതാ ശ്വാസ നിധി | 0 | 1100 | 1100 | 0 | 1100 | 0 |
| എ.യു.ഇ. ജി.എസ് | 40185 | 3794354 | 3834539 | 1038834 | 2795705 | 0 |
| ഐ.എച്ച്. എസ്. ഡി.പി. | 4129722 | 53398 | 4183120 | 3997311 | 185809 | 0 |
| സോളിഡ് വേസ്റ്റ് മാനേജ് മെന്റ് | 16895140 | 594235 | 17489375 | 4865144 | 12624231 | 0 |
| ഐ.ഡി. എസ്. എം.ടി | 3266420.33 | 92680 | 3359100.33 | 0 | 3359100.33 | 0 |
| എൻ.യു.എൽ. എം. | 2527300 | 1567515 | 4094815 | 2608751 | 1486064 | 0 |
| എം.പി/ എം.എൽ.എ | 0 | 7301807 | 7301807 | 7301807 | 0 | 0 |
| പി.എം.എ. വൈ. | 7230000 | 24222975 | 31452975 | 26911660 | 4541315 | 0 |
| സ്വച്ച് ഭാരത് | 35000 | 449799 | 484799 | 7500 | 477299 | 0 |
| ഫ്ലഡ് റിലീഫ് ഫണ്ട് | 0 | 699963 | 699963 | 699963 | 0 | 0 |
| ബി ഫണ്ട് | 0 | 190680 | 190680 | 190680 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2792724 | 14205000 | 16997724 | 13687655 | 3310069 | 0 |
| തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് | 17566261.74 | 68610805 | 86177066.74 | 75013645 | 11163421.74 | 0 |
| ട്രഷറി അക്കൗണ്ട് | 23886 | 4820987 | 4844873 | 2159633 | 2685240 | 0 |
| ക്യാഷ് ഇൻ | 870279 | 0 | 870279 | 870279 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഹാന്റ് | | | | | | |
| മറ്റുള്ളവ | 614097.33 | 12577 | 626674.33 | 88 | 626586.33 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 317 | 254485104 | 116 | 123000729 | 186 | 15 | 36.6 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ

| ക്രമനം | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | അടങ്കൽ |
|---|---|---|---|
| 1 | ശബരിയാർ കോളനി കുടിവെള്ള പദ്ധതി | 43 | 500000 |
| 2 | സ്ലോട്ടർ ഹൗസ് നവീകരണം | 44 | 2355546 |
| 3 | നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ | 56 | 2500000 |
| 4 | ഹൈറേഞ്ച് ബസ്സ്റ്റാന്റിൽ വനിതാ വ്യവസായ വിപണന കേന്ദ്രം | 59 | 1000000 |
| 5 | മാലിന്യം നീക്കംചെയ്യുന്നതിന് മിനി ടിപ്പർ വാങ്ങൽ | 61 | 1400000 |
| 6 | ശുചീകരണത്തിനാവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ | 66 | 400000 |
| 7 | 24-ാം വാർഡിലെ എറുമ്പംകണ്ടം, പാക്കോളി, തൈക്കാവ്, പി.വിഐ.പി.കനാൽ, പത്ത് വീട് കോളനി, വടക്കേപ്പുറത്ത് കുടി ചവരങ്ങക്കുടി എന്നീ റോഡുകളുടെ പുനരുദ്ധാരണം | 82 | 1787119 |
| 8 | പാറേക്കോളനിയിൽ ഡ്രെയിനേജ് നിർമ്മാണം | 134 | 900000 |
| 9 | ക്രിമറ്റോറിയം നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തൽ | 236 | 50000 |
| 10 | നഗരസഭയിൽ ഓപ്പൺ സ്റ്റേഡിയം | 237 | 50000 |
| 11 | 24-ം വാർഡിലെ പി.വി.ഐ.പി. കനാൽ ബണ്ട് റോഡ് റീടാറിങ്ങ് | 250 | 281000 |
| 12 | 24-ാം വാർഡിലെ പാക്കോളിതണ്ട് റോഡ് റീടാറിങ്ങ് | 251 | 118000 |
| 13 | 24-ാം വാർഡിലെ പി.വി.ഐ.പി. കനാൽ ലിങ്ക് റോഡ് കോൺക്രീറ്റിങ്ങ് | 252 | 19000 |
| 14 | 24-ാം വാർഡിലെ എറുമ്പുകണ്ടം റോഡ് നവീകരണം | 255 | 10000 |
| 15 | തെങ്ങിൻചിറ കെട്ടി സംരക്ഷിക്കൽ (രണ്ടാം ഘട്ടം) | 275 | 86625 |

വാർഡ് സഭകളിൽ നിർദ്ദേശിക്കപ്പെട്ട് വർക്കിങ്ങ് ഗ്രൂപ്പുകൾ ചർച്ചചെയ്ത് ശുപാർശ ചെയ്ത് വികസന സെമിനാറിൽ അംഗീകരിച്ച് നഗരസഭ കൗൺസിൽ ഭരണാനുമതി നൽകി ഡി.പി.സി. അംഗീകരിച്ച പ്രോജക്ടുകൾ ഉപേക്ഷിക്കുന്നത്, പദ്ധതികൾ രൂപീകരിക്കുന്നത് മുൻഗണന ക്രമത്തിലല്ല എന്ന് സൂചിപ്പിക്കുന്നു. പദ്ധതി രൂപീകരണത്തിൽ ഉണ്ടാകുന്ന ഇത്തരം പാളിച്ചകൾ പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിക്കുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ നഗരസഭ ഏറ്റെടുത്ത പ്രോജക്ടുകളിൽ 36.6 % മാത്രമാണ് തൻവർഷം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളൂ. പദ്ധതി രൂപീകരണവേളയിൽ കൃത്യമായി മുൻഗണന ക്രമം നിശ്ചയിച്ച് നടപ്പിലാക്കുവാൻ സാധിക്കുന്ന പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കേണ്ടതാണ്.

ഗ്രാന്റ് ഇൻ എയ്ഡ് - പൂർണ്ണമായും വിനിയോഗിച്ചില്ല.

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് ലഭ്യമായ ഗ്രാന്റ് ഇൻ എയ്ഡ് പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് ഇൻ എയ്ഡ് | അലോട്ട്മെന്റ് തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | ചെല വിന്റെ ശത മാനം |
|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 37721812 | 363495 | 2087517 | 94.47 |
| വികസന ഫണ്ട് -എസ്.സി. പി | 84,83,000 | 63,18,182 | 21,64,818 | 74.48 |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് - റോഡ് | 2,44,81,957.00 | 1,23,04,107.00 | 1,21,77,850.00 | 50.26 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 85,66,375.00 | 61,28,688.00 | 24,37,687.00 | 71.54 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5,01,88,952.00 | 3,56,31,812.00 | 1,45,57,140.00 | 80 |
| കെ.എൽ.ജി.എസ്.ഡി.പി | 2,43,27,281.00 | 2,17,44,164.00 | 25,83,117.00 | 89.38 |

<u>മോണിട്ടറിങ് ഫലപ്രദമല്ല</u>

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്. മോണിട്ടറിങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ നഗരസഭ നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിട്ടറിങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ് സമിതിയും വിലയിരുത്തുന്നില്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 40185 | 3794354 | 3834539 | 222536 | 2795705 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് (കൂലിച്ചെലവ്) | 0 | 0 | 0 | 816298 | |
| ആകെ | 40185 | 3794354 | 3834539 | 1038834 | 2795705 |

# 1-8 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 40680 | 87 |
| കർഷകതൊഴിലാളി പെൻഷൻ | 3511100 | 286 |
| വിധവാപെൻഷൻ | 15896300 | 1346 |
| വാർദ്ധക്യകാല പെൻഷൻ | 30531500 | 2352 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 4456300 | 370 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 827700 | 70 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.02.2019-ാം തീയതിയിൽ ഉച്ചയ്ക്ക് 3.30ന് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 420355/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

<u>ചെലവുകൾ -ബജറ്റ് നിയന്ത്രണം</u>

വിവിധ ആവശ്യങ്ങൾക്ക് തുക വിനിയോഗിക്കുമ്പോൾ ഫയലിലോ വൗച്ചറുകളിലോ, ബജറ്റ് നിയന്ത്രണത്തിനായി Appropriation Control രേഖപ്പെടുത്തുന്നില്ല. അതിനാൽ ചെലവ് തുകകൾ അതാത് ശീർഷകങ്ങളിലെ ബജറ്റ് അലോക്കേഷനിലും കൂടുന്നില്ല എന്ന്

ഉറപ്പാക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണുള്ളത്.

<u>നിക്ഷേപങ്ങൾ തിരികെ നൽകുമ്പോൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.</u>

വിവിധയിനങ്ങളിലെ നിക്ഷേപങ്ങൾ തിരികെ നൽകുമ്പോൾ നിക്ഷേപ രജിസ്റ്ററിൽ അവ വരവ് വച്ച ഭാഗത്ത് തിരികെ നൽകുന്നതായി രേഖപ്പെടുത്തുന്നില്ല. തിരികെ നൽകുന്ന വൗച്ചർ നമ്പർ രേഖപ്പെടുത്തി പുതുതായി രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്തിരിക്കുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ ഒരിക്കൽ തിരികെ നൽകിയ നിക്ഷേപം വീണ്ടും നൽകാൻ സാദ്ധ്യതയുണ്ട്. ഈ പ്രവണത കർശനമായി ഒഴിവാക്കേണ്ടതും നിക്ഷേപം വരവ് വച്ച ഭാഗത്ത് തന്നെ തിരികെ നൽകിയ വൗച്ചർ നമ്പർ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

<u>വൌച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ</u>

നഗരസഭയിൽ സാംഖ്യയിൽ നിന്നുള്ള പേമെന്റ് വൗച്ചറുകൾ പ്രിന്റെടുത്ത് സൂക്ഷിക്കുന്നില്ല. ആയതിനാൽ ഏത് ഫണ്ടിൽ നിന്നാണ് ചെലവ് നടന്നിട്ടുള്ളത് എന്ന് വിലയിരുത്താൻ വൗച്ചർ പരിശോധിക്കുമ്പോൾ സാധിക്കുന്നില്ല. സാംഖ്യയിൽ നിന്നുള്ള പേമെന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

<u>സൂചിക സോഫ്റ്റ്‌വെയർ</u>

ഫയൽ സംവിധാനം ഇ ഗവേണൻസ് വഴി സുതാര്യവും കാര്യക്ഷമമായും പ്രവർത്തിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ വെബ് ബേസ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറായ സൂചിക ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല. ലഭിക്കുന്ന തപാലുകൾ യഥാകാലം തന്നെ സൂചികയിൽ ഉൾപ്പെടുത്തി തീർപ്പ് നിരീക്ഷിക്കപ്പെടുന്നില്ല. സൂചിക സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തി ഫയൽ മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.01.2016 | 2013-14 & 2014-15 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.10.2017 – 17.11.2017 | 2015-16 & 2016-17 | 11.01.2018 |

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 അധിക എഫ്എആർ - ഫീസ് ഡിമാന്റ് ചെയ്തതിലെ അപാകത

ബിനോയ് എബ്രഹാം,മേച്ചേരിയിൽ എന്ന വ്യക്തിക്ക് 1332/11, 1332/13 സർവേ നമ്പറുകളിൽ 3 നിലകളിലായി 786.59$m^2$ വിസ്തൃതിയിൽ പ്രത്യേക പാർപ്പിട കെട്ടിടം നിർമ്മിക്കുന്നതിന് 160/11-12, തി. 02.09.11 നമ്പർ ആയി പെർമിറ്റ് നൽകിയിരുന്നു. ഇതേ സ്ഥലത്ത് 10 നിലകളിലായി 4735.89$m^2$ വിസ്തൃതിയുള്ള പുതിയ ഒരു പ്രത്യേക പാർപ്പിട കെട്ടിടം കൂടി നിർമ്മിക്കുന്നതിന് 20.03.12ൽ അപേക്ഷിച്ചിരുന്നു. 31.05.2014ൽ ഫയർ എൻഒസി ലഭ്യമാക്കിയതിനെ തുടർന്ന് പെർമിറ്റ് അനുവദിക്കുന്നതിലേക്കായി നടത്തിയ സ്ഥല പരിശോധനയിൽ 1599.66$m^2$ വിസ്തൃതിയിൽ അനധികൃത നിർമ്മാണം നടത്തിയതായി കണ്ടെത്തുകയും, പെർമിറ്റ് ഫീസിന്റെ ഇരട്ടി പിഴ ഈടാക്കി അനധികൃതമായി നടത്തിയ നിർമ്മാണം ക്രമവത്കരിച്ച് 10 നിലകൾക്ക് നിർമ്മാണ അനുമതി നൽകിയിട്ടുള്ളതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം, 1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 31 പട്ടിക 2ന്റെ 05.02.13ലെ 46/13 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഭേദഗതി 05.02.13 മുതലുള്ള അപേക്ഷകൾക്ക് മാത്രമാണ് ബാധകമെന്നും, ആയതിനാൽ, മേൽ നിർമ്മാണത്തിന് പരമാവധി അനുവദിക്കാവുന്ന എഫ്എആർ, അധിക ഫീസോടെ അനുവദിക്കാവുന്ന എഫ്എആർ എന്നിവ 05.02.13 വരെ നിലവിലുണ്ടായിരുന്ന ചട്ടത്തിന് വിധേയമായിരിക്കും എന്ന് നിർദേശിക്കുകയും, അധിക എഫ്എആർ ഈടാക്കാത്തതിന് 1281000/- രൂപ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തിരുന്നു. ടി തുക ഒടുക്കാൻ ആവശ്യപ്പെട്ട് 07.02.15ൽ നഗരസഭ നോട്ടീസ് നൽകുകയും, നോട്ടീസിനെതിരെ ഹൈക്കോടതിയിൽ ഡബ്ലൃപി(സി) 5296/15 (ജെ) നമ്പർ ഉത്തരവ് പ്രകാരം താത്കാലിക സ്റ്റെ വാങ്ങി നിർമ്മാണം തുടരുകയും ചെയ്തു.

20.06.17ൽ മേൽ പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷ നൽകുകയും, സ്ഥല പരിശോധനയിൽ അധിക എഫ്എആറിന് ഫീസ് കണക്കാക്കിയതിൽ അപാകത ഉള്ളതായി ബോധ്യപ്പെട്ട് അടക്കേണ്ട ഫീസ് 1547440/- രൂപയായി പുതുക്കി 23.09.17ൽ അപേക്ഷകന് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. പുതുക്കൽ ഫീസ് ഈടാക്കി പെർമിറ്റ് പുതുക്കി നൽകുകയും ചെയ്തു. ചുമത്തിയിട്ടുള്ള ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി, കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് അപേക്ഷകൻ ഹൈക്കോടതിയെ സമീപിക്കുകയും, ബഹു. ഹൈക്കോടതിയുടെ 04.10.18ലെ ഡബ്ലൃപി(സി) 24343/18 നമ്പർ വിധിന്യായ പ്രകാരം അപേക്ഷകനെ നേരിൽ കേട്ട് അപേക്ഷ തീർപ്പാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. വിധിന്യായ പ്രകാരം അപേക്ഷകന് കെട്ടിട നമ്പർ നൽകുന്നതിനായി സെക്രട്ടറി

അംഗീകരിച്ച കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിന്റെ ആകെ വിസ്തൃതി രേഖപ്പെടുത്തിയിരിക്കുന്നത് 4847.89m2 ആണ്. എന്നാൽ, കെട്ടിടത്തിന്റെ വിസ്തൃതി 4557.44$m^2$ കണക്കാക്കിയാണ് അധിക എഫ്എആറിന് ഫീസായി 1837890/- രൂപ ഡിമാന്റ് ചെയ്തത്. ആയതിനാൽ, എഫ്എആർ കണക്കാക്കുന്നതിന് ഒഴിവാക്കിയ ഭാഗങ്ങളുടെ വിശദമായ ഏരിയ സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ടതാണ്.

## 2-2 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

1.<u>വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു</u>.

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 15/03/13ലെ സർക്കാർ ഉത്തരവ് (അച്ചടി) 100/2013 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോതമംഗലം നഗരസഭ കൗൺസിലിന്റെ 11.10.13ലെ വസ്തുനികുതി പരിഷ്കരണത്തിനുള്ള 13(9) നമ്പർ തീരുമാനം പ്രകാരം 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 70 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 90 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വിവിധ സാമ്പത്തിക വർഷങ്ങളിൽ വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന 100 ച. മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 70 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | നികുതി നിലവിൽ വന്ന അർദ്ധ വർഷം | വിസ്തൃതി | നിർണ്ണയിക്കേണ്ട നികുതി - 90 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) | നിർണ്ണയിച്ച നികുതി - 70 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) | കുറവ് (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) |
|---|---|---|---|---|---|
| XVII/692A2 | 2013-14(1) | 240.03 | 24498 | 19055 | 5443 |
| XXIV/322A | 2013-14(1) | 111.15 | 10504 | 8171 | 2333 |
| XXXI/472A1 | 2013-14(1) | 101.86 | 11555 | 8985 | 2570 |
| XXXI/563A | 2016-17(2) | 103.19 | 8777 | 6827 | 1950 |
| ആകെ | | | | | 12296 |

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 21/13.02.19), മേൽ നികുതിനിർണ്ണയങ്ങൾ സഞ്ചയയിൽ പുനർനിർണ്ണയിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, 2017-18 സാമ്പത്തീക വർഷത്തിൽ കെട്ടിട നികുതി ഇനത്തിൽ 12296/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിനാൽ ടി കെട്ടിടങ്ങളുടെ നികുതി കുടിശിക സഹിതം ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

2. <u>കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടില്ല</u>

നഗരസഭാപരിധിയിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ വിവാഹ സൽക്കാരങ്ങൾ മുതലായ പരിപാടികൾക്കായി വാടകയ്ക്ക് നൽകുന്നതായി വിവാഹ രജിസ്ട്രേഷൻ അപേക്ഷകളിൽ കാണുന്നു. എന്നാൽ സഞ്ചയ പ്രകാരമുള്ള കെട്ടിട നികുതി നിർണ്ണയത്തിൽ അസംബ്ലി കെട്ടിടം, ഓഡിറ്റോറിയം , കല്യാണമണ്ഡപം എന്നീ വിഭാഗത്തിൽ ആയത് രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടില്ല.

1. എം എ കോളേജ് ഇൻഡോർ സ്റ്റേഡിയം, കോതമംഗലം
2. ദേവഗിരി ഗുരുപ്രസാദം ഹാൾ, കോതമംഗലം

ഇത് സംബന്ധിച്ച് നൽകിയ 13.02.2019 ലെ 22ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. എം എ കോളേജിന്റെ വിവിധ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കാത്തത് സംബന്ധിച്ച് ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2 ൽ പരാമർശിച്ചിട്ടുള്ളതാണെങ്കിലും നാളിതുവരെ ഇതിൽ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. 13.02.2019 ൽ ഇത് സംബന്ധിച്ച ഫയൽ പി ഡബ്ല്യു2-8383/15 ഹാജരാക്കാൻ ഓഡിറ്റ് റിക്വിസിഷൻ മുഖേന ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 ഡി& ഒ ലൈസൻസ് ഈടാക്കുന്നതിൽ അപാകത

1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 447 പ്രകാരം ലൈസൻസ് ഇല്ലാതെ നഗര പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല എന്നിരിക്കെ, നഗരസഭ തയ്യാറാക്കിയ ട്രേഡേഴ്സിന്റെ ലിസ്റ്റ് പ്രകാരം ഡിആന്റ് ഒ ലൈസൻസ് നൽകേണ്ട എല്ലാ സ്ഥാപനങ്ങൾക്കും ഡി& ആന്റ് ഒ ലൈസൻസ് നൽകി ഫീസ് ഈടാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| വാർഡ് | ട്രേഡേഴ്സിന്റെ ലിസ്റ്റ് പ്രകാരമുള്ള | ഡിആന്റ് ഒ ലൈസൻസ് നല്കിയ | ഡിആന്റ് ഒ ലൈസൻസ് നല്കാത്ത |
|---|---|---|---|

| | സ്ഥാപന ങ്ങളുടെ എണ്ണം | സ്ഥാപനങ്ങളുടെ എണ്ണം | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 11 | 9 | 2 |
| 2 | 142 | 132 | 10 |
| 3 | 5 | 4 | 1 |
| 4 | 19 | 11 | 8 |
| 5 | 57 | 39 | 18 |
| 8 | 40 | 33 | 7 |
| 9 | 13 | 12 | 1 |
| 14 | 18 | 12 | 6 |
| 17 | 361 | 312 | 49 |
| 20 | 60 | 38 | 22 |
| 21 | 45 | 29 | 16 |
| 22 | 34 | 24 | 10 |
| 23 | 67 | 40 | 27 |
| 24 | 22 | 21 | 1 |
| 27 | 12 | 10 | 2 |
| 28 | 18 | 14 | 4 |
| 29 | 14 | 9 | 5 |
| 30 | 346 | 323 | 23 |
| 31 | 550 | 468 | 82 |
| 11 | 26 | 8 | 18 |

മേൽ പറഞ്ഞ അപാകത പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അഡ്വാൻസ് യഥാസമയം ക്രമപ്പെടുത്തിയില്ല

ജി ഒ(പി)നം.419/11ഫിൻ തീയതി 04.10.2011 പ്രകാരം താല്ക്കാലിക അഡ്വാൻസ് കൈപ്പറ്റുന്ന ഉദ്യോഗസ്ഥർ 3മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതും അഡ്വാൻസ് തുക മുഴുവൻ ചെലവാകാത്ത പക്ഷം 3മാസത്തിനുള്ളിൽ ബില്ല് സമർപ്പിച്ച് തുക തിരിച്ചടച്ചില്ലെങ്കിൽ അവശേഷിക്കുന്ന തുക 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. കോതമംഗലം നഗരസഭയിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അഡ്വാൻസ് തുകകൾ നാളിതുവരെ അഡ്ജസ്റ്റ് ചെയ്യാത്തതായി കാണുന്നു.

| ക്രമ നം | അഡ്വാൻസ് കൈപ്പറ്റിയ ജീവനക്കാരൻ | ഉദ്ദേശ്യം | തുക/ കൈപ്പറ്റിയ തീയതി | ചെക്ക് നം./ വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|
| 1 | എം പി വർഗീസ്, ഫുഡ് ഇൻസ് പെക്ടർ | ഫുഡ് സാമ്പിൾ ടെസ്റ്റിംഗ് | 500/- 23.01.2001 | ചേർത്തിട്ടില്ല |
| 2 | പി എം ശിവൻ, പ്യൂൺ | സ്റ്റെൻസിൽ റിപ്പയർ | 1827/- 20.08.2001 | ചേർത്തിട്ടില്ല |
| 3 | കെ ജി പ്രകാശൻ, HI (II) | സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് | 14000/- 16.10.2001 | ചേർത്തിട്ടില്ല |
| 4 | കെ ജി പ്രകാശൻ, HI (II) | സ്ലോട്ടർ ഹൗസ് ക്ലീനിംഗ് | 7650/- 13.11.2001 | ചേർത്തിട്ടില്ല |
| 5 | കെ ജി പ്രകാശൻ, HI (II) | ലോറി ടെസ്റ്റ് | 450/- 21.12.2001 | ചേർത്തിട്ടില്ല |
| 6 | കെ ജി പ്രകാശൻ, HI (II) | ജാർ വാങ്ങുന്നതിന് | 5000/- 22.12.2001 | 70/22.12.01 |
| 7 | കെ ജി പ്രകാശൻ, HI (II) | മുനിസിപ്പൽ ഓഫീസ് ക്ലീനിംഗ് | 1344/- 18.01.2001 | ചേർത്തിട്ടില്ല |
| 8 | പി എം ശിവൻ, | ടോണർ | 1000/- | 53/12.06.2002 |

| | | | | |
|---|---|---|---|---|
| | പ്യൂൺ | വാങ്ങുന്നതിന് | 12.06.2002 | |
| 9 | പി എം ശിവൻ, പ്യൂൺ | ടോണർ വാങ്ങുന്നതിന് | 2500/- 31.07.2003 | ചേർത്തിട്ടില്ല |
| 10 | എൻ വി മുഹമ്മദലി, സെക്രട്ടറി | ടി എ അഡ്വാൻസ് | 750/- 02.08.2003 | ചേർത്തിട്ടില്ല |
| 11 | ടി പി ശ്രീനിവാസൻ | കേരളോത്സവം | 10000/- 05.12.2005 | 35/05.12.2005 |
| 12 | ടി പി ശ്രീനിവാസൻ | ഫോട്ടോസ്റ്റാറ്റ് പേപ്പർ | 2500/-/ 28.04.2007 | 112/28.04.2007 |
| 13 | ആർ സുജാത, ബിൽഡിംഗ് ഇൻസ്പെക്ടർ | ഡംപിംഗ് യാർഡ് ഗേറ്റ് | 15,000/- 17.05.2007 | 24/17.05.2007 |
| 14 | കെ വി വിൻസെന്റ്, JHI (I) | കേരളോത്സവം | 10000/- 25.09.2007 | 17/25.09.2007 |
| 15 | ടി പി ശ്രീനിവാസൻ | Catridge | 4000/- 03.12.2007 | ചേർത്തിട്ടില്ല |
| 16 | കെ വി വിൻസെന്റ്, JHI (I) | പോളിയോ പരിപാടി | 5000/- 03.01.2008 | 6/03.01.2008 |
| 17 | കെ വി വിൻസെന്റ്, JHI (I) | ജനന-മരണ ഫാറം | 10904/- 30.06.2008 | ചേർത്തിട്ടില്ല |
| 18 | കെ വി വിൻസെന്റ്, JHI (I) | IHSDP ട്രെയ്നിംഗ് | 12000/- 03.02.2009 | 17/03.02.2009 |
| 19 | ടി പി ശ്രീനിവാസൻ | ഫാറം വാങ്ങുന്നതിന് | 6893/- 25.02.2009 | 51/25.02.2009 |
| 20 | കെ പി ഷൈലജ | PW1 6728/09 | 50000/- 27.04.2009 | 46/27.04.2009 |
| 21 | കെ വി വിൻസെന്റ്, JHI (I) | സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് | 20000/- 22.07.2009 | 52/22.07.2009 |
| 22 | ടി പി ശ്രീനിവാസൻ | സാക്ഷരത | 2000/- 29.01.2010 | 145/29.01.2010 |
| 23 | ബാബു പോൾ HI | സ്ലോട്ടർ ഹൗസ് റിപ്പയർ | 50000/- 25.06.2011 | 50/25.06.2011 |
| 24 | രമേശൻ ടി ആർ PWO I | ടയർ വാങ്ങുന്നതിന് | 30000/- | 50/24.04.2012 |
| 25 | കെ വി വിൻസെന്റ്, JHI (I) | മഴക്കാല പൂർവ്വ ശുചീകരണം | 60000/- 29.08.2012 | 79/29.08.2012 |
| 26 | രമേശൻ ടി ആർ PWO I | ബസ് സ്റ്റാന്റ് സ്ലാബ് നീക്കൽ | 25000/- 05.11.2012 | 21/05.11.2012 |
| 27 | രമേശൻ ടി ആർ PWO I | ഫ്യൂവൽ ടെസ്റ്റ് | 250/- 14.01.2013 | 15/14.01.2013 |
| 28 | രമേശൻ ടി ആർ PWO I | ,, | 250/ 14.01.2013 | 19/14.01.2013 |
| 29 | രമേശൻ ടി ആർ PWO I | ടയർ വാങ്ങുന്നതിന് | 22500/- 01.07.2014 | ചേർത്തിട്ടില്ല |
| 30 | രമേശൻ ടി ആർ PWO I | കാർ സർവീസിംഗ് | 5600/- 18.07.2014 | ചേർത്തിട്ടില്ല |
| 31 | വി ആർ ജയകുമാർ, ലൈബ്രേറിയൻ | കേരളോത്സവം | 30000/- 10.12.2015 | 30/10.12.2015 |
| 32 | രമേശൻ ടി ആർ PWO I | കാർ സർവീസിംഗ് | 10000/- 29.01.2016 | 45/29.01.2016 |
| 33 | വി ആർ ജയകുമാർ, ലൈബ്രേ റിയൻ | കേരളോത്സവം | 30000/- 02.12.2016 | 15/02.12.2016 |

| | | | | |
|---|---|---|---|---|
| 34 | പി ഡി വർഗീസ്, PWO III | പകൽ വീട് | 50000/- 08.02.2017 | 24/08.02.2017 |
| 35 | ജോൺസി ജോയ് JHI (II) | വിദ്യാഭ്യാസ അവാർഡ് | 50000/- 19.06.2017 | 69/19.06.2017 |
| 36 | പി കെ സുഭാഷ്, PWO III | ലഭ്യമല്ല | 5000/- 19.06.2017 | 70/19.06.2017 |
| 37 | ഒ എം ഷാജി, HI (II) | മാലിന്യ നിർമ്മാർ ജ്ജനം | 1,00,000/- 10.07.2017 | 20/10.07.2017 |
| 38 | സോളി പി എ, ക്ലർക്ക് | ചിങ്ങം ഒന്ന് ദിനാഘോഷം | 10000/- 09.08.2017 | 30/09.08.2017 |
| 39 | അനീഷ് സത്യൻ, അസിസ്റ്റന്റ് എഞ്ചിനിയർ | തെരുവ് വിളക്ക് റിപ്പയർ | 50000/- 09.08.2017 | 39/09.08.2017 |
| 40 | ഹസൈനാർ എം എം, സീനിയർ ക്ലർക്ക് | സംരക്ഷണ ഭിത്തി നിർമ്മാണം | 50000/- 16.08.2017 | 50/16.08.2017 |
| 41 | ഹസൈനാർ എം എം, സീനിയർ ക്ലർക്ക് | കാർ-സി എഫ് ടെസ്റ്റ് | 7000/- 06.10.2017 | 19/06.10.2017 |
| 42 | ഹസൈനാർ എം എം, സീനിയർ ക്ലർക്ക് | സി എഫ് ടെസ്റ്റ്- ആംബുലൻസ് | 14000/- 07.10.2017 | 28/07.10.2017 |
| 43 | വി ആർ ജയകുമാർ, ലൈബ്രേറിയൻ | കേരളോത്സവം | 30000/- 27.10.2017 | 66/27.10.2017 |
| 44 | പി ഡി വർഗീസ് PWO(II) | ഓട ക്ലീനിംഗ് | 6500/- 15.11.2017 | 35/15.11.2017 |
| 45 | ഷാജ് സുഭാഷ് എൽ എസ്, HI (II) | ഡമ്പിംഗ് യാർഡ് ക്ലീനിംഗ് | 10000/- 21.11.2017 | 57/21.11.2017 |
| 46 | ബിജി പി എം, PWO (I) | ഡമ്പിംഗ് യാർഡ് സ്ഥലം ഏറ്റെടുപ്പ് | 25000/- 21.12.2017 | 55/21.12.2017 |
| 47 | മണികണ്ണൻ കെ, ഹെൽത്ത് സൂപ്പർവൈസർ | കുരുർ തോട് ക്ലീനിംഗ് | 50000/- 28.12.2017 | 68/ 28.12.2017 |
| 48 | ഹസൈനാർ എം എം, സീനിയർ ക്ലർക്ക് | ജീപ്പ്- മൈലേജ് ടെസ്റ്റ് | 1000/- 06.01.2018 | 20/ 06.01.2018 |
| 49 | മണികണ്ണൻ കെ, ഹെൽത്ത് സൂപ്പർവൈസർ | മാലിന്യ നിർമ്മാർ ജ്ജനം | 50000/- 23.01.2018 | 63/ 23.01.2018 |
| 50 | ദിനേഷ് എം വി, ക്ലർക്ക് | വ്യവഹാര ആവശ്യത്തിന് | 3000/- 12.03.2018 | 37/ 12.03.2018 |
| 51 | ലിജുനാഥ് ആർ, സീനിയർ ക്ലർക്ക് | മിനിമാസ്റ്റ് ലൈറ്റ് കണക്ഷൻ | 500/- 04.05.2018 | 16/ 04.05.2018 |
| 52 | പി ഡി വർഗീസ് PWO(II) | ബിറ്റുമിൻ ഇറക്കുകൂലി | 2245/- 09.05.2018 | 32/ 09.05.2018 |
| 53 | ബിജി പി എം, PWO (I) | പ്ലാസ്റ്റിക് ഷ്രേഡ്ഡിംഗ് യൂണിറ്റ് | 1,00,000/- 22.05.2018 | ചേർത്തിട്ടില്ല. |
| 54 | മണികണ്ണൻ കെ, ഹെൽത്ത് സൂപ്പർ വൈസർ | ആരോഗ്യ ജാതകം കാംപെയ്ൻ | 50000/- 25.05.2018 | 76/ 25.05.2018 |
| 55 | ബിജി പി എം, PWO (I) | ബസ് സ്റ്റാന്റ് ഗട്ടർ റീഫില്ലിംഗ് | 5000/- 14.06.2018 | ചേർത്തിട്ടില്ല. |

| | | | | |
|---|---|---|---|---|
| 56 | ബിൻസി ബേബി, ക്ലർക്ക് | വിദ്യാഭ്യാസ അവാർഡ് | 25000/- 29.06.2018 | ചേർത്തിട്ടില്ല. |
| 57 | വി ആർ ജയകുമാർ, ലൈബ്രേ റിയൻ | പുസ്തകം വാങ്ങുന്നതിന് | 23520/- 04.07.2018 | 18/ 04.07.2018 |
| 58 | ബിജി പി എം, PWO (I) | പ്രളയം-സന്നദ്ധ പ്രവർത്ത കർക്ക് റിഫ്രഷ്മെന്റ് | 20000/- 17.09.2018 | 40/ 17.09.2018 |
| 59 | പ്രദീപ് മരുതേരി HI (II) | പ്രളയ ദുരന്ത നിവാരണം | 1,25,000/- 24.09.2018 | 55/ 24.09.2018 |
| 60 | സജികുമാർ , JHI (I) | പ്രളയ ദുരന്ത നിവാരണം | 1,25,000/- 24.09.2018 | 55/ 24.09.2018 |
| 61 | Z പ്രകാശ്, HI (II) | പ്രളയ ദുരന്ത നിവാരണം | 1,25,000/- 24.09.2018 | 55/ 24.09.2018 |
| 62 | ബിജി പി എം, PWO (I) | വിളയാൽ കുടിവെള്ള പദ്ധതി-സംരക്ഷണ ഭിത്തി | 50,000/- 20.10.2018 | 63/ 20.10.2018 |
| 63 | പ്രദീപ് മരുതേരി HI (II) | പ്രളയ ദുരന്ത നിവാരണം | 1,25,000/- 28.11.2018 | 69/ 28.11.2018 |
| 64 | സജികമാർ , JHI (I) | പ്രളയ ദുരന്ത നിവാരണം | 1,25,000/- 28.11.2018 | 70/ 28.11.2018 |
| 65 | Z പ്രകാശ്, HI (II) | പ്രളയ ദുരന്ത നിവാരണം | 1,25,000/- 28.11.2018 | 71/ 28.11.2018 |

കൈപ്പറ്റിയ അഡ്വാൻസ് തുക ക്രമീകരിക്കാതെ തന്നെ വീണ്ടും അതേ വ്യക്തിക്ക് അഡ്വാൻസ് നൽകിയിട്ടുണ്ട്. ഈ നടപടി ക്രമവിരുദ്ധമാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 11.02.2018ലെ 14ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭിച്ചിട്ടില്ല.അഡ്വാൻസ് തുക മുഴുവൻ ചെലവാകാത്ത പക്ഷം അവശേഷിക്കുന്ന തുക 18% പലിശ സഹിതം തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-2 അനുബന്ധ സൗകര്യങ്ങൾ ഒരുക്കാതെ പ്ലാസ്റ്റിക്ക് ഷ്രേഡിങ്ങ് യൂണിറ്റ് വാങ്ങി.

(ഫയൽ നം. എച്ച്.1/13226/17)

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ്, ഹൈഡ്രോളിക് ബെയിലിങ്ങ് മെഷീൻ യൂണിറ്റ് സ്ഥാപിക്കൽ (എസ്.0078/18) |
| അടങ്കൽ | : | 880000/- ( വികസന ഫണ്ട് -ജനറൽ) |
| ചെലവ് | : | 880000/- ബിൽ നം. 01/17-18/16.8.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെൽത്ത് സൂപ്പർവൈസർ |

പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ്, ഹൈഡ്രോളിക് ബെയിലിങ്ങ് മെഷീൻ യൂണിറ്റ് സ്ഥാപിക്കുന്നതിനായി സർക്കാർ അംഗീകൃത (സ.ഉ.(സാധാ)നം.1641/17/ത.സ്വ.ഭ.വ./19.5.2017) കമ്പനിയായ ക്ലീൻകേരള കമ്പനി ലിമിറ്റഡുമായി 29.07.2017 ൽ കരാർ ചമച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന എസ്റ്റിമേറ്റ് പ്രകാരം കമ്പനിക്ക് തുക നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| ഷ്രെഡിങ്ങ് മെഷീൻ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിന് | : | 405000/- |
| ബെയിലിങ്ങ് മെഷീൻ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിന് | : | 425000/- |
| ആദ്യവർഷത്തെ സൂപ്പർവിഷൻ ചാർജ്ജ് | : | 50000/- |
| ആകെ | | 880000/- |

സ്പെസിഫിക്കേഷൻ പ്രകാരമുള്ള യന്ത്രസാമഗ്രികൾ ക്ലീൻ കേരള കമ്പനി ലഭ്യമാക്കിയിട്ടുണ്ടെന്നും നഗരസഭവക വലിയപാറ വനിതാവികസനകേന്ദ്രത്തിന്റെ മുറിയിൽ താൽക്കാലികമായി സൂക്ഷിച്ചിട്ടുണ്ടെന്നും ഹെൽത്ത് ഇൻസ്പെക്ടർ അറിയിച്ചതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മെഷിനറി വിതരണം ചെയ്ത് ആറ് മാസം കഴിഞ്ഞിട്ടും പ്രവർത്തിപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കമ്പനി ഉത്തരവാദി ആയിരിക്കില്ലെന്ന് അറിയിച്ചിട്ടുണ്ടെന്ന് 27.6.2018ൽ ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

നഗരസഭയ്ക്ക് ലഭ്യമായിട്ടും നാളിതുവരെ, പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ്&ബെയിലിങ്ങ് യൂണിറ്റ് പ്രവർത്തനസജ്ജമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 6.2.19 ൽ 8-ം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഡംബിങ്ങ് ഗ്രൗണ്ടിലെ കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് 23.4.18 ൽ ടെണ്ടർ ക്ഷണിച്ച് 23.6.18 ൽ ടെണ്ടർ അംഗീകരിച്ചിട്ടുണ്ടെന്നും പ്രവൃത്തി

പൂർത്തീകരിക്കുന്നതിന് എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ നിന്നും നടപടി സ്വീകരിച്ചു വരുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വാങ്ങിയ മെഷിനറി നഗരസഭയുടെ ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തിയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

അനുബന്ധ സൗകര്യങ്ങൾ ഒരുക്കാതെ മെഷിനറി നേരത്തെ വാങ്ങിവെച്ചു എന്നത് പദ്ധതി ആസൂത്രണത്തിലെ ദീർഘവീക്ഷണം ഇല്ലായ്മയെ ആണ് സൂചിപ്പിക്കുന്നത്. മെഷിനുകൾ വാങ്ങി ഒന്നര വർഷം കഴിഞ്ഞിട്ടും അത് സ്ഥാപിക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യപ്രശ്നം പരിഹരിക്കുന്നതിനും നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ്, ഹൈഡ്രോളിക് ബെയിലിങ്ങ് മെഷീൻ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് വിധേയമായി 8,80,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# 3-3 ഡംപിങ്ങ് യാഡിന് സ്ഥലം അക്വയർ ചെയ്യൽ - പൂർത്തീകരിച്ചില്ല.

(ഫയൽ നം. എ.3/12338/17)

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | ഡംപിങ്ങ് യാഡിന് സ്ഥലം അക്വയർ ചെയ്യൽ (എസ്.0158/18) |
| അടങ്കൽ | : | 6797137/- ( വികസന ഫണ്ട് -ജനറൽ)<br>10202863/- ( ധനകാര്യക്കമ്മീഷൻ ഗ്രാന്റ് )<br>170,00,000/- |
| ചെലവ് | : | 6428362/- (ബിൽ നം. 28/13.3.2018)<br>6797137/- ( ബിൽ നം. 32/21.3.2018)<br>3774501/- ( ബിൽ നം. 33/21.3.2018)<br>170,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി, നഗരസഭ |

നഗരസഭയുടെ കുമ്പളത്തുമുറിയിലുള്ള ഡമ്പിങ്ങ് യാർഡിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് വേണ്ടി കോതമംഗലം വില്ലേജ് 959/1എം/2/2 സർവ്വേ നമ്പറിലുള്ള 2.4489 ഹെക്ടർ സ്ഥലം വാങ്ങുന്നതിന് നഗരസഭ 28.6.2016ൽ 1-ാം നമ്പർ തീരുമാനം കൈക്കൊള്ളുകയും ആയതിന് സ.ഉ.(സാധാ)2875/17/ത.സ്വ.ഭ.വ/ 22.08.2017 പ്രകാരം സർക്കാർ അനുമതിയും ലഭിച്ചിട്ടുണ്ട്. പൊന്നും വില ചട്ടങ്ങൾ പ്രകാരം സ്ഥലമെടുപ്പ് നടത്തുന്നതിനായി മതിപ്പ് ചെലവിന്റെ ( 18366750/- രൂപ) 30% എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായും 5% കൺസൽട്ടൻസി ചാർജ്ജിനത്തിലും ആകെ 6428362/- രൂപ അടക്കുവാൻ എറണാകുളം സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ ആവശ്യപ്പെട്ടതനുസരിച്ച് ഈ തുക 13.3.2018ൽ നൽകിയിട്ടുണ്ട്.

തുടർന്ന് 10571638/- രൂപ സ്ഥലമെടുപ്പ് തഹസിൽദാർ ആവശ്യപ്പെടാതെ തന്നെ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇങ്ങനെ ക്രമവിരുദ്ധമായി മുൻകൂർ തുക അനുവദിച്ചതിന്റെയും സ്ഥലമെടുപ്പ് നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് 6.2.2019ൽ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ജില്ലാകളക്ടറുടെ 9.1.2019ലെ സി.3/8141/ 2017-ാം നമ്പർ ഉത്തരവ് പ്രകാരം കോതമംംഗലം വില്ലേജ് 959/ 1 എം/2/2 സർവ്വേ നമ്പറിലുള്ള 2.4489 ഹെക്ടർ പൊന്നുംവില നടപടികൾ പ്രാകാരം ഏറ്റെടുക്കുന്നതിന് LAR Act 2013 സെക്ഷൻ 8(1),(2) എന്നിവ പ്രകാരം അംഗീകാരം നൽകിയിട്ടുള്ളതും തുടർ നടപടികൾ സ്വീകരിക്കുന്നതിന് പൊന്നുംവില തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുൻകൂറായി തുക ആവശ്യപ്പെടാതെ കൈമാറിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടുമില്ല.

എത്രയും വേഗം സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിന് വേണ്ട ഇടപെടലുകൾ നടത്തി നഗരസഭയുടെ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

# 3-4 ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കി നഗരസഭയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | ജൈവവൈവിദ്ധ്യ രജിസ്റ്റർ<br>(എസ്.0024/18) |
| അടങ്കൽ | : | 250000/- ( വികസന ഫണ്ട് -ജനറൽ) |
| ചെലവ് | : | 77812/- ബിൽ നം. 01/17-18/29.6.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ, കൃഷിഭവൻ, കോതമംഗലം നഗരസഭ |

നഗരസഭയിലെ ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനായി 2016-17 വർഷത്തിൽ നഗരസഭ പ്രോജക്ട് ഏറ്റെടുക്കുകയും ആയത് തയ്യാറാക്കുന്നതിനായി ശ്രീമതി. ശ്രീജ.കെ.എസ്. പ്രോജക്ട് ഓഫീസർ, ശ്രീമതി.രാജമ്മ.കെ.എ. കോ ഓർഡിനേറ്റർ എന്നിവർ സമ്മതപത്രം നൽകിയിട്ടുള്ളതുമാണ്. എന്നാൽ 2017-18 വർഷത്തിൽ താഴെ പറയുന്ന രീതിയിൽ തുക വിനിയോഗിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ തയ്യാറാക്കി നഗരസഭയ്ക്ക് സമർപ്പിച്ചിട്ടില്ല.

| | | |
|---|---|---|
| കോഓർഡിനേറ്ററുടെ ഓണറേറിയം | : | 8000/- |
| ഡാറ്റ കളക്ഷൻ വോളണ്ടിയർമാരുടെ ഓണറേറിയം | : | 62000/- |
| പരിശീലന ചെലവ് | : | 7812/- |
| ആകെ | | 77812/- |

പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കാതിരുന്നതിന്റെ കാരണവും പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച് വിശദീകരണവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.09/6.2.2019) നൽകിയിരുന്നു. ഈ പദ്ധതി സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് ഏറ്റെടുത്തിട്ടുള്ളതും 2019 മാർച്ച് 1 ന് മുമ്പായി പൂർത്തീകരിച്ച് ജൈവവൈവിദ്ധ്യ രജിസ്റ്റർ നഗരസഭയ്ക്ക് കൈമാറുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് വിധേയമായി 77812/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-5 തെരുവ് വിളക്ക് പരിപാലനം-പദ്ധതി രൂപീകരിച്ച് അനുമതി വാങ്ങുന്നില്ല.

തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തുന്നതിനായി സോഡിയം വേപ്പർ ലാമ്പ്, കോംപാക്ട് ഫ്ലൂറസെന്റ് ലൈറ്റ് (സി എഫ് എൽ), ട്യൂബ് സെറ്റ് എന്നിങ്ങനെ മൂന്നിനം തെരുവ് വിളക്കുകൾക്ക് കരാറടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിയതിന് തുക നൽകിയിട്ടുണ്ട്. 4650 സി എഫ് എൽ നന്നാക്കിയതിന് 850/-രൂപ നിരക്കിൽ 651100/-രൂപയും 871ട്യൂബ് സെറ്റുകൾ നന്നാക്കിയതിന് 266/-രൂപ നിരക്കിൽ 231686/-രൂപയും, 766 സോഡിയം വേപ്പർ ലാമ്പുകൾ 695/-രൂപ നിരക്കിൽ നന്നാക്കിയതിന് 530285/-രൂപയും ഉൾപ്പെടെ ആകെ 14,13,071/-രൂപയുടെ തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ 2017-18 വർഷം നടന്നിട്ടുണ്ട്. ഇത്ര വലിയ തുക വരുന്ന പ്രവൃത്തി നിർവ്വഹണം നടത്തുന്നതിന് വാർഷിക പദ്ധതി തയ്യാറാക്കുകയോ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. വിളക്കുകൾ റിപ്പയർ ചെയ്യുമ്പോൾ മാറ്റുന്ന സാമഗ്രികൾ നഗരസഭാ സ്റ്റോറിലേക്ക് രേഖാമൂലം ഏൽപ്പിക്കേണ്ടതും പുതിയവ ഉപയോഗിക്കുമ്പോൾ അത് നഗരസഭാ എഞ്ചിനീയറെ കാണിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷം മാത്രം ഉപയോഗിക്കേണ്ടതുമാണെന്ന് വർക്ക് ഓർഡറിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ഇവയൊന്നും പാലിക്കാതെയാണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്. വാർഡ് കൗൺസിലർമാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക അനുവദിച്ച് നൽകുകയാണ് ചെയ്തിരിക്കുന്നത്. പദ്ധതി രൂപീകരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുകയും തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച3055/ ഡി എ3/2011/ ത.സ്വ.ഭ.വ തീയതി 05.09.2011 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

# 3-6 എസ്.എസ്.എ.നഗരസഭാവിഹിതം അടക്കൽ.

(ഫയൽ നം. എ.3/12877/17)

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | എസ്.എസ്.എ.പദ്ധതിക്ക് സപ്പോർട്ടിങ്ങ് ഗ്രാന്റ് (എസ്.0026/18) |
| അടങ്കൽ | : | 1000000/- ( വികസന ഫണ്ട് -ജനറൽ) |
| ചെലവ് | : | 1000000/- ബിൽ നം. 4/21.07.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി, നഗരസഭ |

<u>ഓഡിറ്റ് പരാമർശങ്ങൾ</u>

1. എസ്.എസ്.എ. നൽകിയ ഫോർമാറ്റ് IVലുള്ള Physcical and Financial proposals പ്രകാരം കോതമംഗലം നഗരസഭയിൽ ഓഡിറ്റ് വർഷത്തിൽ എസ്.എസ്.എ. പ്രവർത്തനങ്ങൾക്കായി 5620534/- രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ഇതിന്റെ 40% തുകയായ 2248214/- രൂപ ആവശ്യപ്പെട്ട് നഗരസഭയ്ക്ക് കത്ത് ലഭിച്ചിട്ടുണ്ട്. ആയതിലേക്ക് നഗരസഭ 10ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഈ തുക ഓഡിറ്റ് വർഷത്തെ പ്രവർത്തനങ്ങൾക്കായി പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട് എന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് (A.1/5/18/SSAEKM./8.5.2018). എന്നാൽ ഫോർമാറ്റ് IV പ്രകാരമുള്ള ഏതെല്ലാം പ്രവർത്തനങ്ങൾക്കായിട്ടാണ് തുക വിനിയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടില്ല.

2. എസ്.എസ്.എ. വിഹിതത്തിന്റെ ബാക്കി തുകയായ 1248214/- രൂപ എത്രയും വേഗം നൽകി വിദ്യാലയങ്ങളുടെ അക്കാദമികവും ഭൗതികവുമായ മികവിന് സഹായിക്കണമെന്ന് ആവശ്യപ്പെട്ട് എസ്.എസ്.എ. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ 17.11.17 ൽ നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ വിട്ടുകിട്ടിയ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ നഗരസഭ നേരിട്ട് നടത്തുന്നതിനാൽ അധികമായി ആവശ്യപ്പെട്ട വിഹിതം നൽകേണ്ടതില്ല എന്ന് കൗൺസിൽ തീരുമാനം ( നം.7/23.12.2017) കൈക്കൊണ്ടു. എസ്.എസ്.എ.യുടെ ഫോർമാറ്റ് IVൽ മെയിന്റനൻസ് ഗ്രാന്റായി 90000/- രൂപ ഒഴികെ സിവിൽ വർക്കുകൾക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ മറ്റ് പ്രവർത്തനങ്ങൾക്കായാണ് ബാക്കി തുക ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് കാണുന്നു.

3. നഗരകാര്യ ഡയറക്ടർ 17-18 ൽ നഗരസഭകൾ നൽകേണ്ട വിഹിതം എത്രയും വേഗം പൂർണ്ണമായും അടക്കുവാൻ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് (കത്ത് നം. DC-4/2762/2018/16.02.2018). എന്നാൽ ഓഡിറ്റ് വർഷം നഗരസഭ അടക്കേണ്ട ബാക്കി തുക 1248214/- രൂപ എസ്.എസ്.എ. യ്ക്ക് നൽകിയിട്ടില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/5.2.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ നൽകുന്ന വിഹിതത്തിന് പ്രവൃത്തികളുടെ ഇനം തിരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം പ്രോജക്ട് ഓഫീസറിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. സർക്കാർ നിർദ്ദേശപ്രകാരം നൽകേണ്ട നഗരസഭാ വിഹിതം നൽകുവാൻ സാധിക്കാതെ വന്നാൽ അക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇളവ് വാങ്ങേണ്ടതാണ്.

# 3-7 ക്വാർട്ടേഴ്സിന്റെ വാടകയോടൊപ്പം വീട്ടുവാടക ബത്തയും കൈപ്പറ്റി

സർക്കാർ ഉത്തരവ്(കൈ)നമ്പർ 15/2017 തസ്വഭവ തീയതി 16.01.2017 പ്രകാരം സ്വന്തമായി ക്വാർട്ടേഴ്സുകൾ ലഭ്യമല്ലാത്ത മുനിസിപ്പൽ സെക്രട്ടറിമാർക്ക് വാടകയ്ക്ക് ക്വാർട്ടേഴ്സുകൾ ലഭ്യമാകുമ്പോൾ തനത് ഫണ്ടിൽ നിന്നും വാടകയിനത്തിൽ ചെലവഴിക്കുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചുകൊണ്ട് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വാടക തുക അനുവദിക്കുന്നതിന് കൗൺസിലിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. 21.03.2017 ലെ കൗൺസിൽ തീരുമാനം നമ്പർ 17 പ്രകാരം 2017 ജനവരി പ്രാബല്യത്തിൽ 7,000/-രൂപ നിരക്കിൽ 2017-18 വർഷം ആകെ 81746/-രൂപ സെക്രട്ടറിക്ക് വീട്ടുവാടക അനുവദിച്ച് നൽകിയിട്ടുണ്ട്. സെക്രട്ടറിയുടെ ഇക്കാലയളവിലെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ 7000/- രൂപ വീട്ടുവാടക കൈപ്പറ്റിയതിനോടൊപ്പം തന്നെ താഴെപ്പറയും പ്രകാരം 1750/-രൂപ നിരക്കിൽ വീട്ടുവാടക ബത്തയും കൈപ്പറ്റിയിട്ടുണ്ട്.

| മാസം | ബിൽ നമ്പർ/ തീയതി | ആകെ ശമ്പളം | വീട്ടുവാടക ബത്ത |
|---|---|---|---|
| 01/2017 | 5/17-18 09.02.2017 | 76888/- | 1750/- |
| 02/2017 | 6/17-18 23.03.2017 | 66766/- | 1750/- |
| 3/2017 | 7/17-18 10.04.2017 | 66766/- | 1750/- |
| 4/2017 | 8/17-18 11.05.2017 | 71410/- | 1750/- |
| 5/2017 | 10/17-18 07.06.2017 | 67927/- | 1750/- |
| 6/2017 | 11/17-18 05.07.2017 | 67927/- | 1750/- |
| 7/2017 | 12/17-18 11.08.2017 | 67927/- | 1750/- |
| 8/2017 | 13/17-18 29.08.2017 | 67927/- | 1750/- |
| 9/2017 | 15/17-18 05.10.2017 | 67927/- | 1750/- |
| 10/2017 | 16/17-18 03.11.2017 | 67927/- | 1750/- |
| 11/2017 | 18/17-18 07.12.2017 | 67927/- | 1750/- |
| 12/2017 | 19/17-18 08.01.2017 | 67927/- | 1750/- |
| | ആകെ | | 21000/- |

2016-17 ൽ കൈപ്പറ്റിയ വീട്ടുവാടക ബത്ത - 3500/-

2017-18 ൽ കൈപ്പറ്റിയ വീട്ടുവാടക ബത്ത - 17500/-

ക്വാർട്ടേഴ്സിനുള്ള വാടക 7000/-രൂപ നഗരസഭയിൽ നിന്നും കൈപ്പറ്റിയതോടൊപ്പം തന്നെ ശമ്പളത്തോടൊപ്പം വീട്ടുവാടക ബത്തയും കൈപ്പറ്റിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5 തീയതി 06.02.2019) വീട്ടുവാടക ബത്ത തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-8 തുല്യതാ പരീക്ഷ - കോഴ്സ് ഫീസ് അടവാക്കൽ.

(ഫയൽ നം. എ.3/12878/17)

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | : | തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത ബി.പി.എൽ. പഠിതാക്കളുടെ ഫീസ് ഒടുക്കൽ (എസ്.0114/18) |
| അടങ്കൽ | : | 30000/- ( വികസന ഫണ്ട് -ജനറൽ) |
| ചെലവ് | : | 15750/- ബിൽ നം. 34/21.03.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി, നഗരസഭ |

പത്താംതരം തുല്യതാ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന 9 പഠിതാക്കളുടെ കോഴ്സ് ഫീസ് ഇനത്തിൽ മേൽ പ്രോജക്റ്റ് പ്രകാരം 15750/- രൂപ (9x 1750) സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ സ.ഉ.(സാധാ)78/2004/ പൊ.വി.വ./ 9.3.2004 പ്രകാരമുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇവർ തുല്യതാ പരീക്ഷ എഴുതിയിട്ടുണ്ടെങ്കിൽ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/5.2.2019) അഞ്ച് പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.താഴെ പറയുന്ന നാല് പഠിതാക്കൾ പരീക്ഷ എഴുതിയിട്ടില്ല എന്നും എന്നാൽ അവർക്ക് പരീക്ഷ എഴുതുന്നതിന് മൂന്ന് വർഷം വരെ കാലാവധി ലഭിക്കും എന്ന് അറിയിച്ചിട്ടുണ്ട്. പരീക്ഷ എഴുതാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് |
|---|---|
| 1 | മിനി.എൻ.ടി, ഇടപ്പാട്ട്, ടിഎസ്.കുന്ന് |
| 2 | ഷിയാസ്.പി.കെ, പാണിയാനിക്കൽ |
| 3 | ഷിനോജ്.കെ.കെ, കല്ലുംപറമ്പിൽ |
| 4 | തോമസ് കുര്യാക്കോസ്, പുന്നക്കൽ, മലയിൻകീഴ് |

ഇവർ പരീക്ഷ എഴുതി തെളിവുരേഖകൾ ഹാജരാക്കുന്നതിന് വിധേയമായി 7000/- (1750 x 4) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-9 സ്ട്രീറ്റ് മെയിൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

(ഫയൽ നം. എ.3/21921/17)

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | : | നഗരസഭയുടെ വിവിധ റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (എസ്.0027/18) |
| അടങ്കൽ | : | 3060145/- ( ധനകാര്യക്കമ്മീഷൻ അവാർഡ്) |
| ചെലവ് | : | 2491000/- ബിൽ നം. 23/9.2.2018<br>569145/- ബിൽ നം. 36/21.3.2018<br>3060145/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി, നഗരസഭ |

ഈ പ്രോജക്റ്റ് പ്രകാരം നഗരസഭയുടെ വിവിധ റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബി.യുടെ വിവിധ സെക്ഷനുകളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സഹിതം ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരവും അല്ലെങ്കിൽ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 05.02.2019ൽ നൽകിയ 1-ം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കെ.എസ്.ഇ.ബി.യുമായി ഉടമ്പടി വച്ചിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിന് വിധേയമായി 3060145/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# 3-10 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

നഗരസഭ നടപ്പിലാക്കിയ ഭവനനിർമ്മാണ പ്രോജക്റ്റുകളിൽ ഉൾപ്പെട്ട് വിവിധ ഗഡു ധനസഹായം കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. സംസ്ഥാനസർക്കാരിന്റെ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയായ ലൈഫ് നടപ്പിലായ സാഹചര്യത്തിൽ ഇനിയും ഈ പ്രോജക്റ്റുകൾ സ്പിൽ ഓവറായി നീട്ടിക്കൊണ്ടു പോകുന്നത് അഭികാമ്യമല്ല.

| | | | |
|---|---|---|---|
| 1. | പ്രോജക്റ്റിന്റെ പേര് | : | ജവഹർലാൽ നെഹ്റു ജയന്തി ഭവനനിർമ്മാണം<br>(എസ്.0153/18) |
| | അടങ്കൽ | : | 435000/- ( വികസന ഫണ്ട് -ജനറൽ) |
| | ചെലവ് | : | 115000/- |
| | നിർവ്വഹണ | : | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ |

| | | |
|---|---|---|
| ഉദ്യോഗസ്ഥൻ | | കോതമംഗലം നഗരസഭ |

2015-16 വർഷത്തിൽ ആരംഭിച്ച ഒരു ഭവനനിർമ്മാണ പദ്ധതിയാണിത്. യൂണിറ്റ് ഒന്നിന് 2 ലക്ഷം രൂപയാണ് അഞ്ച് ഗഡുക്കളായി ധനസഹായം നൽകുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട് ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| രജിസ്റ്ററിലെ ക്രമ നം. | പേര് | ഡിവിഷൻ | ധനസഹായം | |
|---|---|---|---|---|
| | | | കൈപ്പറ്റിയത് | കൈപ്പറ്റുവാനുള്ളത് |
| 22 | സാബുസേവ്യർ വടക്കനേക്കുടി | 16 | 80000/- | 120000/- |
| 25 | സുരേഷ് .ടി.സി. തൃക്കാട്ടം | 10 | 140000/- | 60000/- |
| 36 | റജീന ജോസ്, മങ്ങാടൻ | 6 | 20000/- | 180000/- |

| | | | |
|---|---|---|---|
| 2. | പ്രോജക്ടിന്റെ പേര് | : | പട്ടികജാതി വിഭാഗക്കാർക്ക് വീട്നിർമ്മാണം (എസ്.0150/18) |
| | അടങ്കൽ | : | 1500000/- ( വികസന ഫണ്ട് -ജനറൽ) |
| | ചെലവ് | : | 810000/- |
| | നിർവ്വഹണ ഉദ്യോഗസ്ഥൻ | : | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ കോതമംഗലം നഗരസഭ |

2016-17 വർഷത്തിൽ ആരംഭിച്ച ഒരു ഭവനനിർമ്മാണ പദ്ധതിയാണിത്. യൂണിറ്റ് ഒന്നിന് 3 ലക്ഷം രൂപയാണ് അഞ്ച് ഗഡുക്കളായി ധനസഹായം നൽകുന്നത്. താഴെ ചേർക്കുന്ന ഗുണഭോക്താവ് നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| രജിസ്റ്ററിലെ ക്രമ നം. | പേര് | ഡിവിഷൻ | ധനസഹായം | |
|---|---|---|---|---|
| | | | കൈപ്പറ്റിയത് | കൈപ്പറ്റുവാനുള്ളത് |
| 1 | വിജീഷ്.എം.വി. മാളിയേക്കൽ | 6 | 120000/- | 180000/- |

.

| | | | |
|---|---|---|---|
| 3. | പ്രോജക്ടിന്റെ പേര് | : | പൊതുവിഭാഗം വീട്നിർമ്മാണം (എസ്.0146/18) |
| | അടങ്കൽ | : | 5160000/- ( ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) |
| | ചെലവ് | : | 4080000/- |
| | നിർവ്വഹണ ഉദ്യോഗസ്ഥൻ | : | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ കോതമംഗലം നഗരസഭ |

2016-17 വർഷത്തിൽ ആരംഭിച്ച ഒരു ഭവനനിർമ്മാണ പദ്ധതിയാണിത്. യൂണിറ്റ് ഒന്നിന് 2 ലക്ഷം രൂപയാണ് അഞ്ച് ഗഡുക്കളായി ധനസഹായം നൽകുന്നത്. താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| രജിസ്റ്ററിലെ ക്രമ നം. | പേര് | ഡിവിഷൻ | ധനസഹായം | |
|---|---|---|---|---|
| | | | കൈപ്പറ്റിയത് | കൈപ്പറ്റുവാനുള്ളത് |
| 22 | ജോസ് യോഹന്നാൻ പുത്തൻപുരയിൽ | 24 | 20000/- | 180000/- |
| 24 | ലീല ഏലിയാസ് | 6 | 140000/- | 60000/- |

| | | | | |
|---|---|---|---|---|
| 28 | വർഗ്ഗീസ് യാക്കോബ് ഐക്കരക്കുടി | 6 | 80000/- | 120000/- |

ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളോട് ആയത് പൂർത്തിയാക്കാൻ ആവശ്യപ്പെടുകയോ ഇതിനോടകം നൽകിയിട്ടുള്ള തുക പലിശ സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുയോ ചെയ്യേണ്ടതാണ്.

# 3-11 വഴിയോരകച്ചവട നിയമം നടപ്പിലാക്കൽ - അപാകതകൾ

(ഫയൽ നം.കെ.എസ്.13515/16)

തെരുവ് കച്ചവടക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തെരുവ് കച്ചവടം ക്രമപ്പെടുത്തുന്നതിനുമായി ദേശീയ വഴിയോര കച്ചവട നിയമം [ The Street Vendors (Protection of Livelihood and Regulation of Street Vending) Act 2014] നിലവിൽ വന്നിട്ടുണ്ട്. ഈ നിയമം നടപ്പിലാക്കേണ്ടത് നഗരസഭകളുടെ ബാദ്ധ്യതയാണ്. കോതമംഗലം നഗരസഭയിൽ ഈ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട തെരുവ് കച്ചവടക്കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ച് 121 തെരുവുകച്ചവടക്കാരെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പാക്കുന്നതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നുണ്ട്.

1.ടൗൺ വെന്റിങ്ങ് കമ്മറ്റി - വിജ്ഞാപനം ചെയ്തിട്ടില്ല: ദേശീയ വഴിയോര കച്ചവട നിയമം 2014, വകുപ്പ് 22 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിൽ ടൗൺ വെന്റിങ്ങ് കമ്മറ്റി രൂപീകരിക്കണം. കോതമംഗലം നഗരസഭയിൽ ടൗൺ വെന്റിങ്ങ് കമ്മറ്റി രൂപീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചട്ടപ്രകാരം ലിസ്റ്റ് വിജ്ഞാപനം ചെയ്തിട്ടില്ല.

2.സർട്ടിഫിക്കറ്റ് ഓഫ് വെന്റിങ്ങ് നൽകിയിട്ടില്ല :വകുപ്പ് 6 പ്രകാരം വഴിയോരക്കച്ചവടക്കാരെ തരംതിരിച്ച് വെന്റിങ്ങ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടില്ല.

3.വെന്റിങ്ങ് സോൺ , വെന്റിങ്ങ് ഫീസ് - നിശ്ചയിച്ചിട്ടില്ല: 2016 ലെ Kerala Street Vendors ( Protection of Livelihood, Regulation of Street Vending ) Scheme അനുസരിച്ച് നഗരസഭ പ്രദേശത്തെ Vending zone, Restricted Vending zone, No Vending Zone എന്നിങ്ങനെ തരം തിരിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. എന്നാൽ കോതമംഗലം നഗരസഭയിൽ ഇപ്രകാരമുള്ള വെന്റിങ്ങ് സോണുകൾ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

4.വെന്റിങ്ങ് ഫീസ് നിർണ്ണയിച്ചിട്ടില്ല.: സ്ട്രീറ്റ് വെൻഡേഴ്സ് സ്കീം ഖണ്ഡിക 9 അനുസരിച്ച് തദ്ദേശഭരണ സ്ഥാപനം, കച്ചവടത്തിന്റെ തരം അനുസരിച്ച് വെന്റിങ്ങ് ഫീസ് നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തുകയും ഈടാക്കുകയും വേണം. എന്നാൽ ഇതിനുള്ള നടപടികൾ നഗരസഭ ആരംഭിച്ചിട്ടില്ല.

5.തിരിച്ചറിയൽ കാർഡ് വിതരണം പൂർണ്ണമല്ല.: തെരുവ് കച്ചവടക്കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ച് 121തെരുവുകച്ചവടക്കാരെ കണ്ടെത്തിയിട്ടുണ്ടെങ്കിലും ആകെ 13 പേർക്ക് മാത്രമാണ് തിരിച്ചറിയൽ രേഖ നൽകിയിട്ടുള്ളൂ.

തെരുവ് കച്ചവടക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തെരുവ് കച്ചവടം ക്രമപ്പെടുത്തുന്നതിനുമായി ദേശീയ വഴിയോരക്കച്ചവട നിയമം അനുശാസിക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്.

# 3-12 പെൻഷൻ ഫണ്ട്

വിരമിച്ച മുനിസിപ്പൽ ജീവനക്കാരുടെ പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനത്തിൽ നൽകേണ്ട തുക 1996 ലെ കേരള മുനിസിപ്പാലിറ്റി Employees Death Cum Retirement Benefit ചട്ടങ്ങൾ , ചട്ടം 6 പ്രകാരം നഗര കാര്യ ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും,ഇതേ നിയമത്തിന്റെ ചട്ടം 10 പ്രകാരം രൂപീകരിച്ചിട്ടുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതും ഈ തുക തദ്ദേശ സ്ഥാപന സെക്രട്ടറി പ്രതിമാസ പെൻഷൻ വിതരണത്തിന് ഉപയോഗിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.

1996 ലെ ചട്ടങ്ങളിലെ ചട്ടം 7 (2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതത് മാസത്തെ ശമ്പളബില്ലിനൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് തൻമാസം 15ാം തീയതിക്ക് മുമ്പ് {ചട്ടം- 8(1)} സെൻട്രൽ ഫണ്ടിലേക്കടവാക്കേണ്ടതാണ്.

നഗരസഭയിൽ 40 റഗുലർ പെൻഷണർമാരും 10 കുടുംബപെൻഷണർമാരും ഉൾപ്പെടെ ആകെ 50 പെൻഷണർമാരാണ് 31.03.2018 ൽ ഉള്ളത്. നഗരസഭയിൽ നിന്നും 08/2016 വരെ പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശികയില്ലാതെ അടവാക്കിയിരുന്നുവെങ്കിലും, കൃത്യമായി അലോട്ട്മെന്റ് ലഭിക്കാതിരുന്നതിനെത്തുടർന്ന് 09/2016 മുതൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിരുന്നില്ല. കമ്മ്യൂട്ടേഷൻ തിരിച്ചടവും കുടിശ്ശികയായുണ്ട്. നഗരസഭ തയ്യാറാക്കിയിരിക്കുന്ന കണക്കുകൾ പ്രകാരം ഈയിനത്തിലെ അടവിന്റെയും, അലോട്ട്മെന്റിന്റെയും വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| വർഷം | ഒടുക്കുവാനുള്ളത് | | ലഭിച്ച അലോട്ട്മെന്റ് | പെൻഷൻ ഇനത്തിൽ ചെലവായ തുക | അലോട്ട്മെന്റ് ലഭിക്കാനുള്ളത് |
|---|---|---|---|---|---|
| | പെൻഷൻ കോൺട്രിബ്യൂഷൻ | കമ്മ്യൂട്ടേഷൻ തിരിച്ചടവ് | | | |
| 2006-07 മുതൽ | 1105619 | 3678194 | 7200000 | 48654466 | 37140931 |

| | | | | | |
|---|---|---|---|---|---|
| 2017 മാർച്ച് വരെ | | | | | |
| 2017-18 | 2071779 | 974954 | 4791630 | 13522034 | തൻ വർഷം പെൻഷൻ കോൺട്രിബ്യൂഷൻ, കമ്മ്യൂട്ടേഷൻ എന്നിവ അടവാക്കുകയോ, അലോട്ട്മെന്റ് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. |

09/2018 മുതൽ എല്ലാ മാസവും പെൻഷൻ കോൺട്രിബ്യൂഷൻ നിലവിൽ അടവാക്കി വരുന്നുണ്ട്. നാളിതുവരെ വിതരണം ചെയ്ത പെൻഷൻ തുകകൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-13 തെരുവിളക്കുകൾക്കാവശ്യമായ ട്യൂബ് ലൈറ്റ് വാങ്ങൽ - നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | : | തെരുവിളക്കുകൾക്കാവശ്യമായ ട്യൂബ് ലൈറ്റുകൾ വാങ്ങി സ്ഥാപിക്കൽ (എസ്.0161/18) |
| അടങ്കൽ | : | 1278460/- ( ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | : | 1278460 /- ബിൽ നം. 43/17-18/ 06.01.2018<br>m/s ഇലക്ട്രോമെറ്റ് ട്രേഡിങ്ങ് കമ്പനിക്ക് നൽകിയത് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മുനിസിപ്പൽ എഞ്ചിനീയർ, കോതമംഗലം നഗരസഭ |

കരാർ ലംഘനം - നടപടി സ്വീകരിച്ചില്ല.

ട്യൂബ് സെറ്റ് സപ്ലൈ ചെയ്യുന്നതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും കുറവ് നിരക്ക് രേഖപ്പെടുത്തിയ m/s ഉഷ ഇലക്ട്രോണിക്സ് സിസ്റ്റം എന്ന സ്ഥാപനത്തെ അംഗീകരിക്കുകയും ചെയ്തു ( 7/3.2.2017 -ാം നമ്പർ കൗൺസിൽ തീരുമാനം). ടി സ്ഥാപനത്തിന് സപ്ലൈ ഓർഡർ (PW.1/14892/16/ 20.2.2017) നൽകിയെങ്കിലും 15.4.2017 ലെ 01/16-17 -ാം നമ്പർ കത്ത് പ്രകാരം തെരുവ് വിളക്കുകൾ മറ്റ് ഉദ്പാദകരിൽ നിന്നും വാങ്ങി വേണം സപ്ല ചെയ്യാൻ എന്നും, ആയത് ലഭ്യമല്ല എന്നുമുള്ള കാരണത്താൽ സപ്ലൈ ചെയ്യുവാൻ സാദ്ധ്യമല്ല എന്ന് സ്ഥാപനം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ തുടർന്ന് ഏറ്റവും കുറഞ്ഞ രണ്ടാമത്തെ നിരക്ക് രേഖപ്പെടുത്തിയ m/s ഇലക്ട്രോമെറ്റ് ട്രേഡിങ്ങ് കമ്പനി എന്ന സ്ഥാപനത്തെ അംഗീകരിച്ച് ( 16/19.4.2017 -ാം നമ്പർ കൌൺസിൽ തീരുമാനം) സപ്ലൈ ഓർഡർ നൽകി സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ കരാർ ലംഘനം നടത്തിയ m/s ഉഷ ഇലക്ട്രോണിക്സ് സിസ്റ്റം എന്ന സ്ഥാപനത്തിനെതിരെ നടപടികൾ ഒന്നും സ്വീകരിച്ചു കാണുന്നില്ല. മാത്രമല്ല ടി സ്ഥാപനം 16.2.2017 ൽ നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക വാങ്ങിയതായി രേഖപ്പെടുത്തിയിട്ടില്ല. കരാർ തുകയുടെ(രൂപ.1278460/-)5% തുക 63923/- രൂപ സെക്യൂരിറ്റി നിക്ഷേപമായി വാങ്ങിയിട്ടുണ്ടെങ്കിൽ, ഈ തുക കരാർ ലംഘനത്തിന്റെ പിഴയായി നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. സെക്യൂരിറ്റി നിക്ഷേപം വാങ്ങിയിട്ടില്ലായെങ്കിൽ ആയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇൻവോയ്സ് തുകയും ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല.

ട്യൂബ് ലൈറ്റുകൾ സപ്ലൈ ചെയ്ത് സ്ഥാപിച്ചതിന് m/s ഇലക്ട്രോമെറ്റ് ട്രേഡിങ്ങ് കമ്പനിക്ക് 1278460/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ബില്ലിനൊപ്പം സൂക്ഷിച്ചിട്ടുള്ള ഇൻവോയ്സ് തുകകളും നൽകിയ തുകയുമായി പൊരുത്തപ്പെടുന്നില്ല. ലഭ്യമായ ഇൻവോയ്സ് വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തുക | ഇനം |
|---|---|---|
| E.23/15.5.2017 | 47000/- | ഫിറ്റിങ്ങ് മെറ്റീരിയൽ, ലേബർ |
| E.65/28.6.2017 | 84129/- | ഫിറ്റിങ്ങ് മെറ്റീരിയൽ, ലേബർ |
| E.64/28.6.2017 | 263129/- | ട്യൂബ് സെറ്റ് 179 എണ്ണം |
| E.60/21.6.2017 | 59220/- | ഫിറ്റിങ്ങ് മെറ്റീരിയൽ, ലേബർ |
| E.59/21.6.2017 | 185220/- | ട്യൂബ് സെറ്റ് 126 എണ്ണം |
| E.28/19.5.2017 | 98002/- | ട്യൂബ് സെറ്റ് 50 എണ്ണം |
| E.50/9.6.2017 | 299880/- | ട്യൂബ് സെറ്റ് 204 എണ്ണം |
| E.51/9.6.2017 | 95880/- | ഫിറ്റിങ്ങ് മെറ്റീരിയൽ, ലേബർ |
| E.29/19.5.2017 | 34500/- | ഫിറ്റിങ്ങ് മെറ്റീരിയൽ, ലേബർ |
| ആകെ | 11,66,960/- | |
| നൽകിയ തുക | 12,78,460/- | |
| വ്യത്യാസം | 1,11,500/- | |

<u>സപ്ലൈ ചെയ്ത ട്യൂബ് ലൈറ്റുകൾ ആവശ്യപ്പെട്ടതിനേക്കാൾ കുറവ്.</u>

16/19.4.2017 -ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ട്യൂബൊന്നിന് 1940/- പ്രകാരം 659എണ്ണം സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിനായാണ് m/s ഇലക്ട്രോമെറ്റ് ട്രേഡിങ്ങ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലഭ്യമായ ഇൻവോയ്സുകൾ പ്രകാരം 559 എണ്ണം മാത്രമാണ് നൽകിയിട്ടുള്ളത്.

<u>ട്യൂബ് ലൈറ്റുകൾ സ്റ്റോക്കിലെടുത്തിട്ടില്ല - സ്ഥാപിച്ച വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.</u>

m/s ഇലക്ട്രോമെറ്റ് ട്രേഡിങ്ങ് കമ്പനി സപ്ലൈ ചെയ്ത് ട്യൂബ് ലൈറ്റുകളുടെ സ്റ്റോക്ക് എൻട്രി നടത്തിയതായി ഇൻവോയ്സുകളിൽ രേഖപ്പെടുത്താതെയാണ് തുക മാറി നൽകിയിട്ടുള്ളത്. ഇത് സ്റ്റോർപർച്ചേയ്സ് മാനവലിലെ ഖണ്ഡിക 12.19 ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായ നടപടിയാണ്. മാത്രമല്ല ഈ ലൈറ്റുകൾ സ്ഥാപിച്ചതായി മുനിസിപ്പൽ എഞ്ചിനീയറോ മോണിറ്ററിങ്ങ് സമിതിയോ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

<u>സപ്ലൈ ഓർഡറിന്റെ കോപ്പി ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടില്ല</u>

സ്റ്റോർ പർച്ചേയ്സ് മാനവൽ ഖണ്ഡിക 9.53 പ്രകാരം സപ്ലൈ ഓർഡറിന്റെ കോപ്പി ആദായനികുതി, വാണിജ്യ നികുതി അധികാരികൾക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ m/s ഇലക്ട്രോമെറ്റ് ട്രേഡിങ്ങ് കമ്പനിക്ക് നൽകിയ സപ്ലൈ ഓർഡറിന്റെ ( PW.1/14892/16/ 8.5.2017) കോപ്പി പ്രസ്തുത അധികാരികൾക്ക് നൽകിയിട്ടില്ല.

മേൽപരാമർശങ്ങൾക്ക് വിശദീകരണം/രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 18/12.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പരാമർശങ്ങളുടെ സാധൂകരണത്തിന് വിധേയമായി 1278460 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-14 മരുന്ന്, പാലേറ്റീവ് കെയർ യൂണിറ്റിലേക്ക് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിലേക്ക് മരുന്ന്, പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യാൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 763743/-രൂപ നല്കി (മരുന്ന്-715148/-രൂപ +പാലേറ്റീവ് കെയർ യൂണിറ്റിലേക്ക് ഉപകരണങ്ങൾ-48595/-രൂപ) യെങ്കിലും നാളിതു വരെ മരുന്ന്,പാലേറ്റീവ് കെയർ യൂണിറ്റിലേക്ക് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം, പേര് | ഇനം | നല്കിയ തുക | ബിൽ നം |
|---|---|---|---|
| 6/18 | മരുന്ന് | 100145 | 13/17-18,21-12-17 |
| 6/18 | മരുന്ന് | 200000 | 29/17-18,23-3-18 |
| 7/18 | പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് ഉപകരണങ്ങൾ | 48595 | 20/17-18,19-1-18 |
| 7/18 | മരുന്ന് | 15000 | 32/17-18,28-3-18 |
| 53/18 | മരുന്ന് | 250000 | 18/17-18,19-1-18 |
| 55/18 | മരുന്ന് | 150000 | 26/17-18,14-3-18 |
| ആകെ | | 763743 | |

ടി വിഷയം സംബന്ധിച്ച് 11.02.2019ൽ നൽകിയ എൻക്വയറി നം, 16ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, മരുന്ന്, പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നത് വരെ ടി ഇനങ്ങളിലുള്ള ചെലവ് 763743/-രൂപ തടസപ്പെടുത്തുന്നു.

# 3-15 സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - അപാകതകൾ

(ഫയൽ നം.PW.1/15059/17)

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | 17-ാം വാർഡിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ (എസ്.0102/18) |
| അടങ്കൽ | : | 200000/- ( ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | : | 184624 /- ബിൽ നം. 49/17-18/ 28.03.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ, കോതമംഗലം നഗരസഭ |
| അളവ് പുസ്തകം | : | 146/17-18 |

പതിനേഴാം വാർഡിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ M/sവിനിവ സോളാർ തങ്കളം എന്ന സ്ഥാപനത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കൽ സൂപ്പർവിഷൻ നടത്തിയതിനും ചെക്ക് മെഷർ ചെയ്തതിനും വേണ്ടിയാണ് മേൽ വിവരിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. ഈ പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. ആകെ ഏഴ് സോളാർ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനായാണ് കെ.എസ്.ഇ.ബി.യിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമായിട്ടുള്ളത്. അഞ്ച് വിളക്കുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ഇവ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് അളവു പുസ്തകത്തിലോ ഫയലിലോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. M/sവിനിവ സോളാർ തങ്കളം എന്ന സ്ഥാപനം സോളാർ ലൈറ്റുകൾ സപ്ലൈ ചെയ്തതിന്റെ ഇൻവോയ്സ് ലഭ്യമല്ല.

3. സോളാർ വഴിവിളക്കുകൾക്ക് മൂന്ന് വർഷം വാറണ്ടി നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിന്നും പെർഫോർമൻസ് സെക്യൂരിറ്റി വാങ്ങിയതായി കാണുന്നില്ല.

4. സ്ഥാപിക്കപ്പെട്ട സോളാർ വഴിവിളക്കുകൾ,തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിലും ആസ്തി രജിസ്റ്ററിലും രേഖപ്പെടുത്തിയതായി കാണുന്നില്ല.

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 20/ 12.2.2019) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 184624 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-16 എൻ പി എസ് വിഹിതം അടവാക്കിയില്ല

01.04.2013 മുതൽ 2016 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ 20 ജീവനക്കാരാണ് പുതുതായി നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചത്. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ വരുന്ന ഈ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഇക്കാലയളവിൽ പെൻഷൻ വിഹിതമിനത്തിൽ 1069342/-രൂപ പിടിച്ചെങ്കിലും നഗരസഭാ വിഹിതവും ചേർത്ത് ആകെ 2138684/-രൂപ അവാക്കേണ്ടിയിരുന്നത് അടവാക്കിയിട്ടില്ല. സെപ്റ്റംബർ 2016 മുതൽ ഈയിനത്തിൽ പിടിക്കുന്ന തുക മാത്രമാണ് അടവാക്കി വരുന്നത്. നഗരസഭയുടെ വാർഷിക ധനകാര്യ പത്രികയിൽ ഈ ബാദ്ധ്യത ചേർത്തിട്ടുമില്ല. ഈ തുക പെൻഷൻ ഫണ്ടിൽ അടവാക്കാത്തിനാൽ പെൻഷൻ ഫണ്ടിന്റെ വളർച്ച കുറയുകയും ജീവനക്കാർക്ക് ലഭിക്കുന്ന പെൻഷൻ ആനുകൂല്യങ്ങൾ കുറയുന്നതിന് കാരണമാകുയും ചെയ്യുന്നതാണ്. എത്രയും വേഗം ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-17 റോഡ് കട്ടിംഗ്-നഗരസഭാ എഞ്ചിനിയറിംഗ് വിഭാഗം പരിശോധിക്കുന്നില്ല

റോഡ് കട്ടിംഗിന് ഈടാക്കുന്ന റെസ്റ്റൊറേഷൻ ചാർജ്ജിനത്തിൽ 2017-18 വർഷം ആകെ 54,73,136/- രൂപ വരവുണ്ട്. ഇതിൽ 50,82,037/-രൂപ റിലയൻസ് ജിയോ ഇൻഫോകോം കമ്പനിയുടെ താഴെപ്പറയുന്ന 5 പ്രവർത്തികൾക്കായുള്ളതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്ററിമേറ്റ് തുക |
|---|---|---|
| 1 | 31ാം വാർഡ് ഗ്യാസ് ഗോഡൗൺ-തങ്കളം ബൈപാസ് ലിങ്ക് റോഡ് (400m$^2$ ) | 1 x 400 m$^2$x 3291.75 =1316700/- |
| 2 | മാതിരപ്പള്ളി ജംഗ്ഷനിൽ നിന്നും ടവറിലേക്കുള്ള റോഡ് (2x150m$^2$) | 2x150m$^2$ x 3291.75 = 987525/- |
| 3 | കുത്തുകുഴിയിൽ നിന്നും മൊബൈൽ ടവറിലേക്കുള്ള റോഡ് (2x150m$^2$) | 2x150m$^2$ x 3291.75 = 987525/- |
| 4 | രാജീവ് ഗാന്ധി റോഡ് (350m$^2$) | 1x 350m$^2$x3291.75 = 1152113/- |
| 5 | മണ്ണാത്തിമല റോഡ് (2 x 130m$^2$) | 2 x 130m$^2$ x 3291.75 =855855 |
| | ആകെ<br>മുൻപ് അടവാക്കിയ തുക<br>ബാക്കി | 5299718<br>217681<br>5082037 |

മേൽ പ്രവൃത്തികളുടെ ഫീസ് ഈടാക്കിയിരിക്കുന്നത് കമ്പനി നൽകിയ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന അളവ് മാത്രം കണക്കിലെടുത്താണ്. യഥാർത്ഥത്തിൽ നടത്തിയ റോഡ് കട്ടിംഗിന്റെ അളവ് നഗരസഭാ എഞ്ചിനിയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. റോഡ്കട്ടിംഗ് നടത്തുന്ന സ്ഥലം പരിശോധിച്ച് അളവെടുത്ത് നഗരസഭയ്ക്ക് ലഭിക്കേണ്ട മുഴുവൻ ഫീസും കൃത്യമായി ഈടാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 3-18 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്-ആനുകൂല്യം

# മുഴുവൻ നൽകുന്നില്ല

പ്രൊജക്ട് : ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്.-

പ്രൊജക്ട്നം:1/18

അടങ്കൽ:(1100000രൂപ- വികസന ഫണ്ട് സാധാരണ വിഹിതം)

ചെലവഴിച്ചത് :1100000രൂപ-വികസനഫണ്ട്സാധാരണ വിഹിതം)

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്ന 94 കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം ചെയ്തത്. പ്രതിമാസ സ്കോളർഷിപ്പ് 1000/- രൂപയും പ്രതിമാസ യാത്രാബത്ത 1000/- രൂപയും വസ്ത്രങ്ങൾക്കുള്ള ബത്ത,വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തകളായ യഥാക്രമം 1500/-രൂപ, 2000/-രൂപ എന്നിവയടക്കം 28,500/- രൂപയാണ് മാനസിക വെല്ലുവിളി നേരിടുന്ന 72 കുട്ടികൾക്ക് നൽകേണ്ടത് എന്നാൽ മാനസിക വെല്ലുവിളി നേരിടുന്ന 72 കുട്ടികൾക്ക് 12925/-രൂപ മാത്രമാണ് 2017-18 ൽ മേൽ പ്രൊജക്ടുകളിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. 15575/-രൂപ ഈ വർഷം ഈ കുട്ടികൾക്ക് നഷ്ടമായിട്ടുണ്ട്. മുഴുവൻ തുകയും ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രൊജക്ട് തയ്യാറാക്കുന്ന വേളയിലും വക കൊള്ളിക്കുന്നില്ല എന്ന് കാണുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമം മുൻ നിർത്തി വിഭാവനം ചെയ്തിരിക്കുന്ന സ്കോളർഷിപ്പ് പൂർണ്ണമായും വിതരണം ചെയ്യുന്നതിന് ആവശ്യമായത്ര തുക വകയിരുത്തുന്നു എന്ന കാര്യം ഉറപ്പു വരുത്തേണ്ടതാണ്.

# 3-19 കുടിവെള്ള പദ്ധതികൾ അപാകതകൾ

പഞ്ചായത്ത് തൻവർഷം മൂന്ന് കുടിവെള്ള പദ്ധതികൾക്കായി 1.70 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**1. പൂതുപാടി കുടിവെള്ള പദ്ധതി**

പൂതുപാടി കുടിവെള്ള പദ്ധതിക്കായി 75.47 ലക്ഷം രൂപയാണ് ചെലവഴിച്ചത്. 4 പ്രൊജക്ടുകളായാണ് ഈ കുടിവെള്ള പദ്ധതിക്ക് തുക ചെലവഴിച്ചത്. ഈ 4 പ്രൊജക്ടുകളിലും കുടിവെള്ളത്തിനായി പൈപ്പ് ഇട്ടതിന് വലിയ തുക ചെലവഴിച്ചിട്ടുണ്ട്.

**2. തങ്കളം കുടിവെള്ള പദ്ധതി**

തങ്കളം കുടിവെള്ള പദ്ധതിക്കായി 45 ലക്ഷം രൂപയാണ് ചെലവഴിച്ചത്. 2 പ്രൊജക്ടുകളായാണ് ഈ കുടിവെള്ള പദ്ധതിക്ക് തുക ചെലവഴിച്ചത്. ഈ 2 പ്രൊജക്ടുകളിലും കുടിവെള്ളത്തിനായി പൈപ്പ് ഇട്ടതിന് വലിയ തുക ചെലവഴിച്ചിട്ടുണ്ട്.

**3. വിളയാൽ കുടിവെള്ള പദ്ധതി**

വിളയാൽ കുടിവെള്ള പദ്ധതിക്കായി 49 ലക്ഷം രൂപയാണ് തനത് വർഷം ചെലവഴിച്ചത്. 2 പ്രൊജക്ടുകളായാണ് ഈ കുടിവെള്ള പദ്ധതിക്ക് തുക ചെലവഴിച്ചത്. ഈ 2 പ്രൊജക്ടുകളിലും കുടിവെള്ളത്തിനായി പൈപ്പ് ഇട്ടതിന് വലിയ തുക ചെലവഴിച്ചിട്ടുണ്ട്.

ഓരോ വർഷവും പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ കുടിവെള്ള പദ്ധതിക്കും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നോ ഇതിന്റെ ഗുണഭോക്താക്കളുടെ വിവരമോ ഈ പദ്ധതി ഏതെല്ലാം സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട് എന്നോ എത്ര മീറ്റർ നീളത്തിൽ എവിടെയെല്ലാം പൈപ്പ് ഇട്ടിട്ടുണ്ട് എന്നത് സംബന്ധിച്ചോ ഒരു വിവരവും നഗരസഭയിൽ ലഭ്യമല്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതും രേഖകൾ കൃത്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓരോ കുടിവെള്ള പദ്ധതിക്കും എത്ര മീറ്റർ നീളത്തിൽ എവിടെയെല്ലാം പൈപ്പ് ഇട്ടിട്ടുണ്ട് എന്നത് സംബന്ധിച്ചുള്ള വിവരങ്ങളും ഗുണഭോക്താക്കളുടെ വിവരങ്ങളും രജിസ്റ്ററിലോ ഫയലിലോ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

# 3-20 ബിറ്റുമിൻ ലഭിക്കാത്തത്.

തൻവർഷം ബിറ്റുമിൻ വാങ്ങുന്നതിന് BPCL-ന് 72,90852/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ BPCL-ൽ നിന്ന് 71,21,971/- രൂപയുടെ ബിറ്റുമിൻ മാത്രമാണ് ലഭിച്ചത്. ബാലൻസ് തുക 1,68,881/- ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-21 ബിറ്റുമിൻ നൽകി-പ്രവൃത്തി ചെയ്തിട്ടില്ല.

തനത് വർഷം ആകെ 30 പ്രൊജക്ടുകൾക്ക് നഗരസഭ 2017-18 വർഷം ബിറ്റുമിൻ ഇഷ്യൂ ചെയ്തിട്ടുണ്ട്. ഇതിൽ ആകെ 13 പ്രവൃത്തികൾ മാത്രമാണ് ചെയ്തത്. 17 പ്രവൃത്തികൾ ചെയ്തിട്ടില്ല. പ്രവൃത്തികൾ നടപ്പിലാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം | ബിറ്റിമിൻ ഇഷ്യൂ | | |
|---|---|---|---|
| | Vg 30(barrel) | RS Emulsion (barrel) | SS Emulsion (barrel) |
| 38/18 | 46 | 5 | 7 |
| 34/18 | 71 | 9 | 4 |
| | | | |

| | | | |
|---|---|---|---|
| 73/18 | 45 | 5 | 9 |
| 76/18 | 19 | 2 | 2 |
| 80/18 | 9 | 4 | 1 |
| 81/18 | 14 | 2 | 5 |
| 84/18 | 41 | 4 | -- |
| 91/18 | 67 | 6 | -- |
| 96/18 | 26 | 3 | 1 |
| 103/18 | 38 | 4 | 2 |
| 105/18 | 60 | 6 | 3 |
| 106/18 | -- | 4 | 1 |
| 107/18 | 64 | 6 | --- |
| 111/18 | 42 | 4 | -- |
| 133/18 | 9 | 1 | 4 |
| 232/18 | 5 | 1 | 2 |
| 262/18 | -- | 1 | 1 |

2016-17 വർഷം ബിറ്റുമിൻ നൽകി ഇതുവരെ പ്രവൃത്തി ചെയ്തിട്ടില്ല.

| പ്രോജക്ട് നം | ബിറ്റുമിൻ ഇഷ്യൂ | | |
|---|---|---|---|
| | Vg 30(kg) | RS Emulsion (kg) | SS Emulsion (kg) |
| 186/17(178/18) | 2534 | 307 | -- |
| 187/17(179/18) | 1050 | 135 | 435 |
| 254/17(193/18) | 1140 | 149 | 459 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

# 3-22 ബിറ്റുമിൻ നൽകി എന്നാൽ ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തി ചെയ്തിട്ടില്ല. മറ്റ് പ്രവൃത്തി ചെയ്തു - ബിറ്റുമിന്റെ വില ഈടാക്കിയില്ല.

താഴെ പറയുന്ന പ്രവൃത്തികൾക്ക് നഗരസഭ ബിറ്റുമിൻ നൽകിയിട്ടുണ്ട്. എന്നാൽ ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തി ചെയ്തിട്ടില്ല. മറ്റ് പ്രവൃത്തി ചെയ്തതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ബിറ്റുമിന്റെ വില ഈടാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

a.

| | |
|---|---|
| പ്രവൃത്തി | 26-)ം വാർഡിലെ വിവിധ റോഡുകൾ.... |
| പ്രൊജക്ട് | S0 128/18 |
| കരാറുക്കാരൻ | ശ്രീ. ആന്റണി ദേവസി |
| എം ബുക്ക് | 83/16-16 |
| അടങ്കൽ | 19,00,000 |
| ആകെ പ്രവൃത്തി | 7,19,914 |

ഈ പ്രവൃത്തിക്കായി 1152 കിലോ - ബിറ്റിമിൻ, SS Emulsion- 464 kg, RS Emulsion -150 kg എന്നിവ ഇഷ്യൂ ചെയ്തിട്ടുണ്ട്. എന്നാൽ, ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തി ചെയ്തിട്ടില്ല. മറ്റ് പ്രവൃത്തി ചെയ്തതിന് ബില്ല് പ്രകാരം തുക നൽകി. എന്നാൽ ബിറ്റുമിന്റെ വില ഈടാക്കിയില്ല.

b.

| | |
|---|---|
| പ്രവൃത്തി | പൊട്ടക്കൽ റോഡ്,പി വി ഐ പി കനാൽ ഫുട്ട്പാത്ത് റോഡ് |
| പ്രൊജക്ട് | S0 106/18 |
| കരാറുക്കാരൻ | ശ്രീ. സജി കെ കോയ |
| എം ബുക്ക് | 121/17-18 |
| അടങ്കൽ | 1367171 |
| ആകെ | 298876 |

| | |
|---|---|
| പ്രവൃത്തി | |

ഈ പ്രവൃത്തിക്കായി ബിറ്റമിൻ - 4 ബാരൽ. RS Emulsion – 1 ബാരൽ എന്നിവ ഇഷ്യൂ ചെയ്തിട്ടുണ്ട്. എന്നാൽ ബിറ്റമിൻ ഉപയോഗിച്ചുള്ള പ്രവൃത്തി ചെയ്തിട്ടില്ല. മറ്റ് പ്രവൃത്തി ചെയ്തതിന് ബില്ല് പ്രകാരം തുക നൽകി. എന്നാൽ ബിറ്റമിന്റെ വില ഈടാക്കിയില്ല.

c.

| | |
|---|---|
| പ്രവൃത്തി | 12-)ം വാർഡിലെ വിവിധ റോഡുകൾ.... |
| പ്രൊജക്ട് | S0 103/18 |
| കരാറുകാരൻ | ശ്രീ. പി എ ബിജു |
| എം ബുക്ക് | 59/17-18 |
| അടങ്കൽ | 1298639 |
| ആകെ പ്രവൃത്തി | 809546 |

ഈ പ്രവൃത്തിക്കായി ബിറ്റമിൻ-38 ബാരൽ, RS Emulsion– 4 ബാരൽ,SS Emulsion– 2 ബാരൽ എന്നിവ ഇഷ്യൂ ചെയ്തിട്ടുണ്ട്. എന്നാൽ ബിറ്റമിൻ ഉപയോഗിച്ചുള്ള പ്രവൃത്തി ചെയ്തിട്ടില്ല. മറ്റ് പ്രവൃത്തി ചെയ്തതിന് ബില്ല് പ്രകാരം തുക നൽകി. എന്നാൽ ബിറ്റമിന്റെ വില ഈടാക്കിയില്ല. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല.

# 3-23 ബിറ്റുമിൻ നൽകി പ്രവൃത്തി ചെയ്തത് - ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല.

താഴെ പറയുന്ന പ്രവൃത്തികൾക്ക് 2016-17 വർഷം ബിറ്റമിൻ ഇഷ്യൂ ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി ചെയ്തത് 2017-18ലാണ്. ഈ ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല.
വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം | ചെലവഴിച്ച തുക | ബിറ്റമിൻ ഇഷ്യൂ | | |
|---|---|---|---|---|
| | (അടങ്കൽ) | Vg 30(barrel) | RS Emulsion (barrel) | SS Emulsion (barrel) |
| 74/18 | 6,08,007 (14,10,864 | 35 | 4 | -- |

ഈ ഫയൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-24 ആവശ്യത്തിലധികം ബിറ്റുമിൻ ഇഷ്യു ചെയ്തത് സംബന്ധിച്ച്.

2017–18 വർഷം പല പ്രവൃത്തികൾക്കും ആവശ്യത്തിലധികം ബിറ്റമിൻ നഗരസഭ ഇഷ്യൂ ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ ഫയൽ പ്രകാരം പല പ്രവൃത്തികൾക്കും 5 മുതൽ 7 ബാരൽ വരെ അധികം ബിറ്റമിൻ ഇഷ്യൂ ചെയ്തിട്ടുണ്ട്. ഇപ്രകാരം അധികം നൽകിയ ബിറ്റമിന് മാർക്കറ്റ് നിരക്ക് പ്രകാരമുള്ള തുകയാണ് ഈടാക്കുന്നത്. ബിറ്റമിന് മാർക്കറ്റ് നിരക്ക് പ്രകാരമുള്ള തുക 33/കിലോയാണ്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 40/കിലോയാണ്. ഒരു ബാരലിൽ കൂടുതൽ അധികം നൽകിയ ബിറ്റമിൻ തിരികെ പിടിച്ച് മറ്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കുകയാണെങ്കിൽ ഒരു കിലോ ബിറ്റമിന് 7/-രൂപ നഗരസഭക്ക് ലാഭം കിട്ടുമായിരുന്നു. ഭാവിയിൽ ഇത് ശ്രദ്ധിക്കേണ്ടതാണ്.

# 3-25 ടൈൽ വിരിക്കുന്നത് നിരക്ക് ലഭ്യമല്ല.

100 സെ.മി. കനമുള്ള കോൺക്രീറ്റ് കട്ട ഉപയോഗിച്ച് കട്ട വിരിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം നിരക്ക് കണക്കാക്കിയിട്ടുള്ളത് ഒരു ചതുരശ്രമീറ്ററിന് 1191.51/- രൂപയാണ്. ഇതിൽ കട്ടയുടെ വില കണക്കാക്കിയത് മാർക്കറ്റ് നിരക്ക് പ്രകാരം 750/m2 ആണ്. എന്നാൽ മോർഡ് മെറ്റീരിയൽ ഐറ്റം M 379 പ്രകാരം Interlocking blocks 80mm thickness – വില 370 രൂപയാണ്. ഇതിന്റെ കോസ്റ്റ് ഇൻഡക്സ് ഉൾപ്പടെയുള്ള വില 370 +181( cost index 49.02) = 551/- രൂപ മാത്രമാണ്. (ഇത് പ്രകാരം കട്ട വിരിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം നൽകാവുന്ന നിരക്ക് ഒരു ചതുരശ്രമീറ്ററിന് 948/- രൂപയാണ് .)

ആയതിനാൽ കട്ടയുടെ വില മാർക്കറ്റ് നിരക്ക് പ്രകാരം 750/m2 കണക്കാക്കിയത് എപ്രകാരമാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.
ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രവൃത്തി | 31-ാം വാർഡിലെ കൈമല കടവ് റോഡ് |
| പ്രൊജക്ട് | S0 68/18 |

| | |
|---|---|
| കരാറുകാരൻ | ശ്രീ.യാസർ അരാഫത്ത് |
| എം ബുക്ക് | 76/17-18 |
| കോസ്റ്റ് ഇൻഡക്സ് | 49.02 |
| ആകെ പ്രവൃത്തി | 10,87,920 |
| കട്ട വിരിച്ചതിന് നൽകിയ തുക | 577.27 $m^2$ x 988.91/$m^2$ = 5,70,868/- |

2.

| | |
|---|---|
| പ്രവൃത്തി | ഹൈറേഞ്ച് ബസ് സ്റ്റാന്റ് |
| പ്രൊജക്ട് | S0 62/18 |
| കരാറുകാരൻ | ശ്രീ.യാസർ അരാഫത്ത് |
| എം ബുക്ക് | 110/17-18 |
| കോസ്റ്റ് ഇൻഡക്സ് | 49.02 |
| ആകെ പ്രവൃത്തി | 11,20,275 |
| കട്ട വിരിച്ചതിന് നൽകിയ തുക | 1114.917 $m^2$ x 988.91/$m^2$ = 11,02,586/- |

എസ്റ്റിമേറ്റ് പ്രകാരം നിരക്ക് കണക്കാക്കിയിട്ടുള്ളത് ഒരു ചതുരശ്രമീറ്ററിന് 1191.51/-രൂപയാണ് എങ്കിലും ടെണ്ടർ നിരക്ക് പ്രകാരമുള്ള തുകയാണ് നൽകിയിട്ടുള്ളത്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

നഗരസഭയ്ക്ക് ഓഡിറ്റ് വർഷത്തിൽ സംയുക്ത പ്രോജക്ടുകൾക്കായി ഫണ്ട് ലഭിച്ചിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | നഗരസഭയുടെ വിവിധ റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (എസ്.0027/18) | ബിൽ നം. 23/9.2.2018 | 2491000/- | 0 | 2491000/- |
| | | ബിൽ നം. 36/ 21.3.2018 | 569145/- | 0 | 569145/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം

(i) <u>വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം</u>.

ഇല്ല

(ii) <u>വായ്പ തിരിച്ചടവിന്റെ വിവരം.</u>

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. / തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻ ബാക്കി | തൻ വർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | കെ യു ആർ ഡി എഫ് സി ലോൺ | KURDFC/A2 7519/00 11.02.2009 | 23700000 | 1559218 | 792759 | 136760 | 766459 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

നഗരസഭയ്ക്ക് കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 100 രൂപ വീതം മുഖവിലയുള്ള 645 ഓഹരികൾ കൈവശമുള്ളതിന്റെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 64500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 64500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 64500 |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 5334/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 3-4 | 2461 | എ ആർ ജോർജ്ജ് | 117040102008 തീയതി 25.05.17 |
| 2016-17 | 3-2 | 2873 | ദിനേശ് എം വി | 117040112114 തീയതി 23.01.18 |
| ആകെ | | 5334 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-2007 | 2.4 എ | 2009-10 | ........ | വസ്തു നികുതി നിർണ്ണയം ക്രമപ്രകാരമല്ല. | ചട്ടങ്ങൾക്കനുസൃതമായി നികുതി ഈടാക്കി വരുന്നു. |
| 2006-2007 | 2.8 | 2009-10 | ....... | ലൈസൻസ് ഫീസ് നിരക്ക് പുതുക്കൽ | സർക്കാർ തലത്തിലെ നടപടികൾ പൂർത്തിയാകാത്തതിനാൽ നിരക്കുകൾ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടില്ല. |

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 24,52,78,024.00 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 25,80,10,913.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17500.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6251784 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-7 | | 17500/- | ഡോ.സാംജി ഡേവിഡ്, സെക്രട്ടറി നഗരസഭ |
| ആകെ | | 17500/- | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 880000/- | ശ്രീ.ജോളി മാത്യു, ഹെൽത്ത് സൂപ്പർവൈസർ |
| 3-4 | 77812/- | ശ്രീ.സുരേന്ദ്രൻ.എസ്, അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ |
| 3-8 | 7000/- | ഡോ.സാംജി ഡേവിഡ്, സെക്രട്ടറി നഗരസഭ |
| 3-9 | 3060145/- | ഡോ.സാംജി ഡേവിഡ്, സെക്രട്ടറി നഗരസഭ |
| 3-13 | 1278460/- | ശ്രീമതി.സാറാ സൂര്യ ജോർജ്ജ്, മുനിസിപ്പൽ എഞ്ചിനീയർ |
| 3-14 | 100145/- | ഡോ.പദ്മകുമാരി.പി.എൻ |
| | 663598/- | ഡോ.സിനി ഐസക് |
| 3-15 | 184624/- | ശ്രീ.അനീഷ് സത്യൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 6251784/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

.

**(എഫ്)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സാംജി ഡേവിഡ്, സെക്രട്ടറി നഗരസഭ | വിരമിച്ചു | ഇട്ടിക്കാത്ര വീട്,<br>കെപി റോഡ്,<br>കായംകുളം |

| | | |
|---|---|---|
| ശ്രീ.ജോളി മാത്യു, ഹെൽത്ത് സൂപ്പർവൈസർ | വിരമിച്ചു | തോട്ടത്തിമ്യാലിൽ, പുതുപ്പാടി, കോതമംഗലം |
| ശ്രീ.സുരേന്ദ്രൻ.എസ്, അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | വിരമിച്ചു | പള്ളിവടക്കേതിൽ, പൂവത്തൂർപടി, മാവടി പിഒ, പൂവത്തൂർ വഴി, കൊല്ലം – 691507 |
| ശ്രീമതി.സാറാ സൂര്യ ജോർജ്ജ്, മുനിസിപ്പൽ എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, വടവുകോട് ബ്ലോക്ക് പഞ്ചായത്ത് | ഞാറ്റതൊട്ടിയിൽ ഹൗസ്, കോലഞ്ചേരി |
| ശ്രീ.അനീഷ് സത്യൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസി എഞ്ചിനീയർ, അറക്കുളം ഗ്രാമ പഞ്ചായത്ത്, ഇടുക്കി | പയ്യപ്പിള്ളിൽ കോഴിപ്പിള്ളി പി.ഒ, ഇഞ്ചൂർ, കോതമംഗലം.686691 |
| ഡോ.പദ്മകുമാരി.പി.എൻ | ജില്ലാ മെഡിക്കൽ ഓഫീസർ പത്തനംതിട്ട | നീലിമ, താഴം നോർത്ത്, ചാത്തന്നൂർ പിഒ, കൊല്ലം |
| ഡോ. സിനി ഐസക് | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കോതമംഗലം | എംബിഎംഎം ഹോസ്പിറ്റൽ ക്വാർട്ടേഴ്സ്, നെല്ലിക്കുഴി പി.ഒ, കോതമംഗലം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1977-78 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1978-79 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1979-80 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1980-81 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1981-82 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1982-83 | എൽ.എഫ്.ഇ.(എം2)10125/87 dt.27.10.1987 |
| 1983-84 | എൽ.എഫ്.ഇ.(എം2)269/87 dt.30.11.1987 |
| 1984-85 | എൽ.എഫ്.ഇ.(എം2)182/88 dt.16.7.1988 |
| 1985-86 | എൽ.എഫ്.ഇ.(എം2)1187/89 dt.30.12.1989 |
| 1986-87 | എൽ.എഫ്.ഇ.(എം2)84/89 dt.20.5.1992 |
| 1987-88 | എൽ.എഫ്.ഇ.(എം2)982/93 dt.13.9.1994 |
| 1988-89 | എൽ.എഫ്.ഇ.(എം2)412/95 dt.27.10.1995 |
| 1990-91 | എൽ.എഫ്.ഇ.(എം2)1187/97 dt.27.3.1998 |
| 1991-92 | എൽ.എഫ്.ഇ.(എം2)1187/97 dt.27.3.1998 |
| 1992-93 | എൽ.എഫ്.ഇ.(എം2)1187/97 dt.27.3.1998 |
| 1993-94 | എൽ.എഫ്.ഇ.(എം2)1187/97 dt.27.3.1998 |
| 1997-98 | എൽ.എഫ്.ഇ.(എം2)1294/99 dt.12.10.2000 |
| 1998-99 | എൽ.എഫ്.ഇ.(എം2)613/2001 dt.3.11.2001 |
| 1999-00 | എൽ.എഫ്.ഇ.(എം1)292/2002 dt.4.2.2003 |

| | |
|---|---|
| 2000-01 | എൽ.എഫ്.ഇ.(എം1)1524/2003 dt.21.4.2004 |
| 2001-02 | എൽ.എഫ്.ഇ.(എം1)232/2005 dt.19.12.2005 |
| 2002-03 | എൽ.എഫ്.ഇ.(എം1)808/2011 dt.2.4.2012 |
| 2003-04 | എൽ.എഫ്.ഇ.(എം1)809/2011 dt.10.05.2012 |
| 2004-05 | എൽ.എഫ്.ഇ.(എം1)27/2013 dt.12.1.2013 |
| 2005-06 | എൽ.എഫ്.ഇ.(എം1)27/2013 dt.12.1.2013 |
| 2006-07 | എൽ.എഫ്.ഇ.(എം1)728/2008 dt.11.1.2010 |
| 2007-08 | എൽ.എഫ്.ഇ.(എം1)27/2013 dt.12.1.2013 |
| 2008-09 | എൽ.എഫ്.ഇ.(എം1)27/2013 dt.12.1.2013 |
| 2009-10 | എൽ.എഫ്.ഇ.(എം1)1689/2011 dt.16.5.2012 |
| 2010-11 | എൽ.എഫ്.ഇ.(എം1)1475/2013 dt.5.10.2013 |
| 2011-12 | എൽ.എഫ്.ഇ.(എം1)1324/2014 dt.7.11.2014 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം(എം1) 1124/2015 , dt. 26.08.15 |
| 2013-14,2014-15 | കെ.എസ്.എ-ഇ.കെ.എം(എം1) 1319/2016 , dt. 04.08.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം1)99 /2015 , dt. 08.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(എം1)1776/2017 , dt. 19.09.2017 |

.

ജോയിന്റ് ഡയറക്ടർ
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

.

# <u>അനുബന്ധം - 1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം. കെ.എസ്.എ.ഇകെഎം(എം1)301/2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്.
ഫോൺ 0484 2422271
ഇ മെയിൽ – doekm.ksad@kerala.gov.in
തീയതി – 19/03/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കോതമംഗലം നഗരസഭയുടെ** 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ജോയിന്റ് ഡയറക്ടർ**

<u>കോതമംഗലം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1) ഇഡിസിബി തനത് ഫണ്ട് (F ഫണ്ട്) വാർഷിക ധനനകാര്യ പത്രികയിൽ മുന്നിരിപ്പും, നീക്കിബാക്കിയും 500.74/- രൂപയാണ്. എന്നാൽ, പാസ്ബുക്കിൽ നീക്കിബാക്കി 0.30/-രൂപയാണ്. ചെക്ക് നം. 385044/29.10.2012 പ്രകാരം അഡ്വക്കേറ്റ് ഫീസിനത്തിൽ 2500/-രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ, പ്രസ്തുത ചെക്ക് പ്രകാരം 07.11.2012ന് പിൻവലിച്ചത് 3000/- രൂപയാണ്.

2) വസ്തുനികുതി, വസ്തുനികുതി കുടിശ്ശിക എന്നിവ ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

3) ഓഡിറ്റ് റിക്കവറി ഇനത്തിൽ വന്ന വരവ് ധനകാര്യ പത്രികയിൽ (B- 9ഷെഡ്യൂളിൽ) ബാധ്യതയായാണ് കാണുന്നത്.

.

**ജോയിന്റ് ഡയറക്ടർ**
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം